# ദൈവശുശ്രൂഷയുടെ പ്രമാണങ്ങൾ

**സാക് പുന്നൻ**

*പ്രസിദ്ധീകരണം:*

**ജീവമൊഴി പബ്ലിക്കേഷൻസ്**
കുമാരനല്ലൂർ പി.ഒ, കോട്ടയം-686016, കേരള
ഫോൺ: 9249516234, 9495234087

*(Malayalam)*

**DAIVASUSRUSHAYUDE PRAMANANGAL**

**© Zac Poonen**

*ഗ്രന്ഥകർത്താവിന്റെ രേഖാമൂലമായ അനുവാദം കൂടാതെ ഈ പുസ്തകം പുനർമുദ്രണം ചെയ്യുവാനോ വിവർത്തനം ചെയ്യുവാനോ പാടുള്ളതല്ല.*

വിവർത്തനം: **ജോജി ടി. സാമുവൽ**

*കൂടുതൽ വിവരങ്ങൾക്ക് എഴുതുക:*

Zac poonen
20 DaCosta Square, Bangalore-560084

*Published by*
Jeevmozhi Publications
Kumaranalloor P.O, Kottayam-686016, Kerala
Phone: 9249516234, 9495234087

# ഉള്ളടക്കം


*അദ്ധ്യായം* *പേജ്*

1 ഉയരത്തിലേക്കുള്ള വിളി........ 5

2 സ്വയത്തിന്റെ മരണത്തിലൂടെയുള്ള ശുശ്രൂഷ........ 15

3 ഞാൻ പഠിച്ച ചില സുപ്രധാന സത്യങ്ങൾ........ 25

4 ദൈവത്തിനു ആവശ്യമുള്ള മനുഷ്യർ........ 38

ദൈവികശുശ്രൂഷ എന്നാൽ എന്താണ്?

യഥാർത്ഥ ക്രിസ്തീയ ശുശ്രൂഷ എങ്ങനെയായിരിക്കണം?

അതിന്റെ പ്രമാണങ്ങൾ എന്തെല്ലാമാണ്?....

തിരുവല്ലയിൽ 1997 ഡിസംബർ 17-നു നടന്ന
ക്രിസ്തീയ ശുശ്രൂഷകന്മാരുടെയും പ്രവർത്തകരുടെയും
സുവിശേഷസംഘടനാനേതാക്കളുടെയും
അഖിലേന്ത്യാ സമ്മേളനത്തിൽ
ബ്രദർ സാക് പുന്നൻ
നൽകിയ സന്ദേശമാണ് ആദ്യത്തെ രണ്ടദ്ധ്യായം.

# 1

# ഉയരത്തിലേക്കുള്ള വിളി

**വെ**ളിപ്പാടു പുസ്തകം നാലാം അധ്യായത്തിൽ നിന്നു ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വെളിപ്പാട് ഒന്നാം അധ്യായത്തിൽ യോഹന്നാനു കർത്താവ് സ്വയം വെളിപ്പെടുത്തിയശേഷം രണ്ടും മൂന്നും അധ്യായത്തിൽ ആ ഭാഗത്തെ സഭകളുടെ യഥാർത്ഥ അവസ്ഥയെക്കുറിച്ച് അപ്പൊസ്തലന് ഒരു ഉൾക്കാഴ്ച കൊടുക്കുന്നു. നിങ്ങൾക്കറിയാവുന്നതുപോലെ, ആ സഭകൾ മിക്കതും പിന്മാറ്റ അവസ്ഥയിലായിരുന്നു. തുടർന്നു നാലാം അദ്ധ്യായത്തിന്റെ ഒന്നാം വാക്യത്തിൽ കർത്താവു യോഹന്നാനോടു പറയുന്നത് ***'ഇവിടെ കയറി വരിക'*** എന്നാണ്. എത്ര മനോഹരമായ വാക്കുകൾ!

ചുറ്റുമുള്ള കാര്യങ്ങളുടെ അവസ്ഥ കാണുമ്പോൾ, നമുക്കു പരിഹാരമില്ലാത്ത പ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ *'ഇവിടെ കയറി വരിക! ഇവിടെ വന്ന് എന്റെ വീക്ഷണകോണിൽ കാര്യങ്ങളെ കാണുക. നിങ്ങളുടേതായ, ഭൗമികമായ, താഴ്ന്ന നിലവാരത്തിൽ കാര്യങ്ങളെ വീക്ഷിക്കാതിരിക്കുക'* എന്ന കർത്താവിന്റെ വാക്കുകൾ കേൾക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ! നാം നിരന്തരം കേൾക്കേണ്ട വാക്കുകൾ ഇവയാണെന്നു ഞാൻ വിശ്വസിക്കുന്നു – *"ഇവിടെ വരിക!"*

*'ഒന്നു ഞാൻ ചെയ്യുന്നു. പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ ഉന്നത വിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു'* എന്നാണ് പൗലൊസ് പറഞ്ഞത്. ഉന്നതത്തിലേക്കു വരിക എന്ന വിളിയാണ് പൗലൊസ് കേട്ടത്. എത്ര ഉയരത്തിൽ എത്തിയാലും പൗലൊസ് തൃപ്തനുമായിരുന്നില്ല.

ക്രിസ്തീയ നേതൃത്വത്തിന്റെ അപകടം നാം ആളുകളുടെ മുമ്പിൽ ഏറെ നിൽക്കുന്നു എന്നതാണ്. നാം പുകഴ്ത്തപ്പെടുന്നു. പേരിനു മുമ്പ് നമുക്കു പദവികളും പേരിനുശേഷം വയ്ക്കാൻ നമുക്കു ബിരുദങ്ങളുമുണ്ട്! കൂടുതൽ എന്താണു നമുക്കു വേണ്ടത്? നമുക്കു വേണ്ടത് എന്താണെന്ന് ഞാൻ പറയാം. ദൈവത്തിന്റെ ഹൃദയത്തോട് നാം കൂടുതൽ അടുത്തുവരേണ്ട ആവശ്യം ഉണ്ട്. നാം ഉയരത്തിലേക്ക് കയറിച്ചെല്ലേണ്ട ആവശ്യം ഉണ്ട്.

ദൈവം ആദമിനെ സൃഷ്ടിച്ചത് അവിടുത്തേക്ക് ഒരു വേലക്കാരനെയോ പണ്ഡിതനെയോ ആവശ്യമുള്ളതുകൊണ്ടായിരുന്നില്ല. സേവകന്മാരെയോ

പണ്ഡിതന്മാരെയോ ആവശ്യം ഉള്ളതു കൊണ്ടല്ല, അവിടുന്ന് എന്നേയും നിങ്ങളേയും സൃഷ്ടിച്ചതും. കോടിക്കണക്കിനു ദൂതന്മാരിൽ അവിടുത്തേക്ക് ആവശ്യത്തിനു സേവകന്മാരുണ്ടായിരുന്നു. പ്രാഥമികമായും ആദമിനെ ദൈവം സൃഷ്ടിച്ചത് അവന് **താനുമായി കൂട്ടായ്മ** ഉണ്ടാകേണ്ടതിനുവേണ്ടിയായിരുന്നു. അതുകൊണ്ടാണ് ആദമിനെ സംബന്ധിച്ചിടത്തോളം 'ആറു ദിവസം അധ്വാനം, ഏഴാം ദിവസം വിശ്രമം' എന്ന നിയമത്തിനു പ്രസക്തി ഇല്ലാതിരുന്നത്. ആ നിയമം പിന്നീടു മോശയുടെ പ്രമാണങ്ങളിലൂടെ പ്രാബല്യത്തിൽ വന്നതാണ്.

ആറാം ദിവസമാണ് ദൈവം ആദമിനെ സൃഷ്ടിച്ചത്. അതുകൊണ്ട് ദൈവത്തിന്റെ ഏഴാം ദിവസം ആദമിനെ സംബന്ധിച്ചിടത്തോളം ഒന്നാം ദിവസം ആയിരുന്നു. വിശ്രമത്തിനും സ്രഷ്ടാവിനോടുള്ള കൂട്ടായ്മയ്ക്കും വേണ്ടിയുള്ള ദിവസം. ദൈവത്തോടുള്ള കൂട്ടായ്മയുടെ ആദ്യദിവസത്തിനുശേഷമാണ് ആദം തോട്ടത്തിൽ വേലചെയ്യുവാനും ദൈവത്തെ ശുശ്രൂഷിക്കാനുമായി അടുത്ത ആറുദിവസം ചെലവിട്ടത്.

ആ ഒരു ക്രമം – ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിൽ തന്നെ സേവിക്കാൻ പോകുന്നതിനുമുമ്പ് ദൈവവുമായുള്ള കൂട്ടായ്മ നടന്നിരിക്കണം എന്ന ക്രമം – നാം മറന്നുപോയാൽ നമ്മുടെ സൃഷ്ടിയും രക്ഷയും സംബന്ധിച്ച പ്രാഥമികമായ ലക്ഷ്യം നാം വിസ്മരിച്ചു പോയി.

നമുക്കു ചുറ്റും കാണുന്ന ആവശ്യങ്ങളാൽ എല്ലാം നാം വശീകരിക്കപ്പെട്ടുപോയാൽ – പ്രത്യേകിച്ചും ഇന്ത്യപോലെ ഒരു രാജ്യത്ത് – ദൈവത്തോടുള്ള കൂട്ടായ്മയ്ക്കു നമുക്കു സമയം ഉണ്ടായിരിക്കുകയില്ല. ചുറ്റും ഇത്രയേറെ ആവശ്യങ്ങൾ നിവൃത്തിക്കപ്പെടേണ്ടതായി കിടക്കുമ്പോൾ ഇതൊരു സമയനഷ്ടമായി നമുക്കു തോന്നും. എന്നാൽ ആവശ്യത്തിൽ അധിഷ്ഠിതമായ ഒരു പ്രവർത്തനത്തിന്റെ ഫലം എന്താണ്? ഒരു പക്ഷേ ധാരാളം 'വേല' ചെയ്‌വാൻ കഴിഞ്ഞേക്കും. എന്നാൽ അതിന്റെ ഗുണം തുലോം കുറവായിരിക്കും. സ്ഥിതിവിവരക്കണക്കുകൾ നമ്മെ ചതിച്ചേക്കാം, കള്ളങ്ങൾ മൂന്നുതരം ഉണ്ടെന്ന പ്രസ്താവന ഒരു പക്ഷേ നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കും – കറുത്ത കള്ളം, വെളുത്ത കള്ളം, പിന്നെ സ്ഥിതി വിവരക്കണക്കുകൾ! സ്ഥിതിവിവരക്കണക്കുകൾ നമ്മെ വഴി തെറ്റിച്ചേക്കാം. യഹോവാസാക്ഷികൾക്ക് അവരുടേതായ കണക്കുകളുണ്ട്. മോർമോൺ വിഭാഗക്കാർക്കും അവരുടെ സ്ഥിതവിവരക്കണക്കുകളുണ്ട്. ഇന്നു ലോകത്തിൽ വളരെ വേഗം വളരുന്ന ഗ്രൂപ്പുകളിൽ ചിലതാണ് ഇവ. ഉവ്വ്, ഇസ്ലാമിക യാഥാസ്ഥിതികൾക്കും അവരുടേതായ സ്ഥിതിവിവരക്കണക്കുകളുണ്ട്. ഇക്കാലത്ത് എല്ലാവർക്കും ഉള്ളത് കണക്കുകളാണ്. പക്ഷേ യേശുവിനെ ഒരിക്കലും സ്ഥിതിവിവരക്കണക്കുകൾ അലട്ടിയിരുന്നില്ല.

ചില പ്രതിസന്ധികളിലൂടെ കടന്നുപോയ അവസരങ്ങൾ എന്റെ ജീവിതത്തിൽ ഉണ്ടായിരുന്നു. ഒന്ന് ഞാൻ ശുശ്രൂഷക്കായി ഇറങ്ങിയ പ്രാരംഭനാളു

കളിലാണ്. അന്ന് ദൈവവചനം അറിയാമായിരുന്നെങ്കിലും എനിക്ക് ശക്തി ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഉയരത്തിൽനിന്നുള്ള ശക്തി ലഭിക്കേണ്ടതിന് ഞാൻ പരിശുദ്ധാത്മാവിനായി ദൈവത്തെ അന്വേഷിച്ചു. ഇതേപ്പറ്റി ഇന്നു വ്യത്യസ്തമായ വീക്ഷണം നിലവിലുണ്ടെന്ന് എനിക്കറിയാം. ആരുടേയും അഭിപ്രായത്തെ മാറ്റുവാനല്ല ഞാൻ ശ്രമിക്കുന്നത്. വീണ്ടും ജനിച്ച് വിശ്വാസ സ്നാനം ഏറ്റിരുന്നെങ്കിലും എന്നിൽ നിന്ന് 'ജീവജലത്തിന്റെ ഉറവകൾ' പുറപ്പെട്ടിരുന്നില്ല എന്നു മാത്രമാണ് ഞാൻ പറഞ്ഞുവന്നത്. എന്നാൽ തന്നിൽ വിശ്വസിക്കുന്നവരുടെ എല്ലാം ജീവനിൽനിന്ന് ജീവജലത്തിന്റെ ഉറവകൾ പുറപ്പെടും എന്നാണ് യേശുവിന്റെ വാഗ്ദാനം എന്നെനിക്കറിയാമായിരുന്നു. അവർ ഒരിക്കലും വരണ്ട അവസ്ഥയിൽ ആയിരിക്കേണ്ടതില്ല. എന്നാൽ പലപ്പോഴും ഞാൻ അങ്ങനെയായിരുന്നു. ദൈവവചനം എനിക്കറിയാമായിരുന്നെങ്കിലും ഞാൻ പ്രസംഗിക്കാറുണ്ടായിരുന്നെങ്കിലും ഞാൻ വരണ്ട അവസ്ഥയിലായിരുന്നു. കർത്താവിനുവേണ്ടിയുള്ള എന്റെ ശുശ്രൂഷകൈകൊണ്ടു പ്രവർത്തിപ്പിക്കുന്ന ഒരു പമ്പ് ഉപയോഗിച്ച് വെള്ളം എടുക്കുന്നതുപോലെയായിരുന്നു അതിന്റെ അർത്ഥം എന്താണെന്നു നിങ്ങൾക്കറിയാം. കൈകൊണ്ട് പമ്പുചെയ്ത് പമ്പുചെയ്ത് വശംകെടുമ്പോൾ അൽപം വെള്ളം പുറത്തു വരും. തീർച്ചയായും അത് ഒരു നദിപോലെയുള്ള പ്രവാഹമല്ല. എന്നാൽ യേശുവിന്റെ വാക്കുകൾ വളരെ വ്യക്തമായി ഞാൻ കണ്ടു. *"എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്ന് ജീവജലത്തിന്റെ നദികൾ ഒഴുകും."*

എനിക്ക് ആകെ പറയുവാനുള്ളത് ഇക്കാര്യത്തിൽ ഞാൻ ദൈവത്തെ അന്വേഷിച്ചുവെന്നും അവിടുന്ന് എന്നെ കണ്ടുമുട്ടി എന്നുമാണ്. അത് എന്റെ ജീവിതത്തിന്റെ ദിശയെത്തന്നെ വ്യതിയാനപ്പെടുത്തി. ഞാൻ ഒരു പെന്തക്കോസ്തുസഭയിൽ ചേർന്നില്ല. പെന്തക്കോസ്തോ കരിസ്മാറ്റിക്കോ ആയി ഞാൻ എന്നെത്തന്നെ കണക്കാക്കാറുമില്ല. പക്ഷേ **ദൈവം എന്നെ കണ്ടുമുട്ടി തന്റെ പരിശുദ്ധാത്മാവിനാൽ എന്നെ നിറച്ചു.**

പിന്നീട് വർഷങ്ങൾക്കുശേഷം ഞാൻ ജീവിതത്തിൽ മറ്റൊരു പ്രതിസന്ധിയെ അഭിമുഖീകരിച്ചു. *യാഥാർത്ഥ്യത്തെ സംബന്ധിച്ച് ഒരു പ്രതിസന്ധി* യായിരുന്ന അത്. ഞാൻ പ്രസംഗിക്കുന്നത് എന്റെ ആന്തരികജീവിതത്തിൽ യാഥാർത്ഥ്യമായി പരിണമിച്ചിട്ടുണ്ടോ, ആളുകളോടു സംസാരിക്കുമ്പോൾ എന്നിലുള്ള ഭാരം യഥാർത്ഥത്തിൽ എന്റെ ഹൃദയത്തിൽ ഞാൻ കൊണ്ടുനടക്കുന്നതാണോ എന്നിവയായിരുന്നു ആ പ്രശ്നങ്ങൾ.

ഇരുപത്തെട്ടു വർഷങ്ങൾക്കു മുമ്പാണ് ദിയോളിയിൽ സുവിശേഷീകരണത്തെ സംബന്ധിച്ച ആദ്യത്തെ അഖിലേന്ത്യാ കോൺഗ്രസ് നടക്കുന്നത്. ഞാൻ അവിടെ ഒരു പ്രബന്ധം അവതരിപ്പിച്ചു. എനിക്ക് അന്ന് ചെറുപ്പമായിരുന്നു-ഏകദേശം മുപ്പതു വയസുമാത്രം. നാം ചെറുപ്പമായിരിക്കുമ്പോൾ കാര്യങ്ങൾ എങ്ങനെയാണെന്ന് നിങ്ങൾക്കറിയാം. ഞാൻ എല്ലാവരിലും ഒരു അഭിപ്രായം ഉണ്ടാക്കുവാൻ ആഗ്രഹിച്ചു. എന്റെ പ്രബന്ധവും വളരെ മതിപ്പുണ്ടാ

ക്കുന്ന ഒന്നായിരുന്നു. കാരണം ഞാൻ അത്രയേറെ അദ്ധ്വാനിച്ചാണ് അത് തയാറാക്കിയത്. പിന്നീട് ആഴമേറിയ ക്രിസ്തീയ ജീവിതത്തെക്കുറിച്ചുള്ള കോൺഫറൻസുകളിൽ പ്രസംഗിക്കുവാൻ ഓസ്ട്രേലിയ, സിംഗപ്പൂർ തുടങ്ങിയ സ്ഥലങ്ങളിൽ പര്യടനം എന്ന നിലയിൽ എന്റെ ശുശ്രൂഷ തുടർന്നു. എല്ലാ യിടത്തും ആളുകളിൽ മതിപ്പുളവാക്കുകയായിരുന്നു എന്റെ ലക്ഷ്യം.

കർത്താവ് ഒരിക്കൽ എന്നോടു ചോദിച്ചു:"ആളുകളിൽ മതിപ്പുളവാക്കാ നാണോ, അവരെ സഹായിക്കുവാനാണോ നീ ആഗ്രഹിക്കുന്നത്?" ഞാൻ പറഞ്ഞു "കർത്താവേ ഞാൻ അവരെ സഹായിക്കുവാൻ ആഗ്രഹിക്കുന്നു". അപ്പോൾ കർത്താവ് എന്നോട് പറഞ്ഞു "എങ്കിൽ ആളുകളിൽ മതിപ്പുളവാ ക്കാനുള്ള ശ്രമം അവസാനിപ്പിക്കുക." അന്ന് ഞാൻ എന്റെ ജീവിതത്തിൽ 'കർത്താവേ ഞാൻ പ്രസംഗിക്കുന്നതിനൊപ്പം എന്റെ ആന്തരിക ജീവിതം ആയിത്തീരുന്നില്ലല്ലോ' എന്നു പറയുന്ന അവസ്ഥയിൽ എത്തിയിരുന്നു. ബാഹ്യമായി എനിക്ക് നല്ല ഒരു സാക്ഷ്യം ഉണ്ടായിരുന്നു. പക്ഷേ എന്റെ വിചാര ജീവിതവും എന്റെ മനോഭാവങ്ങളും - പണത്തോടുള്ള മനോഭാവം -ക്രിസ്തു തുല്യം അല്ലെന്നു ഞാൻ കണ്ടു. ഞാൻ വായ്കൊണ്ട് ക്രിസ്തു വിനെ പ്രഘോഷിക്കുന്നു. പക്ഷേ ക്രിസ്തുവിന്റെ ആത്മാവ് എന്റെ ചിന്ത കളെ ഭരിക്കുന്നില്ല. ഞാൻ അതേപ്പറ്റി ദൈവമുമ്പാകെ സത്യസന്ധനായിരുന്നു. ദൈവത്തിങ്കലേക്കുള്ള ആദ്യത്തെ ചുവട് **സത്യസന്ധനായിരിക്കുക** എന്ന താണെന്നു ഞാൻ കരുതുന്നു. അക്കാലത്ത് ഞാൻ ഏറെക്കുറെ അറിയപ്പെ ടുന്ന ഒരാളായിരുന്നു. വ്യാപകമായ പ്രചാരമുള്ള പുസ്തകങ്ങൾ ഞാൻ എഴു തിയിരുന്നു ആഴ്ചതോറും റേഡിയോയിലൂടെ ഒരു പ്രസംഗ പരിപാടി നട ത്തിയിരുന്നു. അവിടിവിടെ ഞാൻ ക്ഷണിക്കപ്പെട്ടിരുന്നു. ഒരു ദിവസം കർത്താവ് എന്നോടു ചോദിച്ചു "നിന്നെ വളരെ ബഹുമാനിക്കുന്ന സഭയുടെ മുമ്പാകെ എഴുന്നേറ്റു നിന്ന് നിന്നിൽ പരമാർത്ഥം ഇല്ല, അയഥാർത്ഥ്യം ഉണ്ട് എന്നു പറയുവാൻ തയാറാണോ?" ഞാൻ പറഞ്ഞു "ഉവ്വ് കർത്താവേ ആളു കൾ എന്നെക്കുറിച്ച് എന്തു പറയും എന്നത് ഞാൻ ശ്രദ്ധിക്കുന്നില്ല. എനിക്കു വേണ്ടി അവിടുന്ന് ഒരു കാര്യം മാത്രം ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കു ന്നു. ഞാൻ പ്രസംഗിക്കുന്നതിനൊപ്പം എന്റെ ആന്തരിക ജീവിതം ആയിത്തീ രണം".

അതാണ് ഞാൻ 23 വർഷം മുമ്പ് കർത്താവിനോട് ചോദിച്ചത്. ദൈവം വീണ്ടും എന്നെ കണ്ടു മുട്ടി : തന്നെ ശുഷ്കാന്തിയോടെ അന്വേഷിക്കുന്ന വർക്ക് പ്രതിഫലം നൽകുന്നവനാണ് അവിടുന്ന്. കർത്താവ് എന്നോട് പറഞ്ഞു *"ഇവിടെ കയറി വരിക"*.

കഴിഞ്ഞ 22 വർഷമായി ദൈവത്തോടുള്ള കൂട്ടായ്മ എന്നെ സംബന്ധി ച്ചിടത്തോളം ഏറ്റവും വിലപ്പെട്ട കാര്യമാണ്. അതെന്റെ ജീവിതത്തെ വ്യത്യാ സപ്പെടുത്തി. എന്റെ ജീവിതത്തിൽ നിന്ന് നിരാശയും അധൈര്യവും അതു മുഴുവനായി എടുത്തുമാറ്റി.

ദൈവത്തോടൊപ്പം നടക്കുന്നതിന്റെ രഹസ്യം ഞാൻ കണ്ടെത്തി. എന്റെ ശുശ്രൂഷയെ അതു സന്തോഷഭരിതമാക്കി. അത് ഒരിക്കലും വരണ്ടതായിരിക്കുന്നില്ല.

ദൈവത്തോടൊപ്പമുള്ള നിങ്ങളുടെ വ്യക്തിപരമായ നടപ്പിനെ ആശ്രയിച്ചായിരിക്കും നിങ്ങളുടെ ശുശ്രൂഷ. മറിയയുടേയും മാർത്തയുടെയും വീട്ടിൽ യേശുവന്ന സന്ദർഭം നിങ്ങൾ ഓർക്കുമല്ലോ. അവിടുന്ന് മാർത്തയോടു പറഞ്ഞു *"നീ പലതിനെച്ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയും ഇരിക്കുന്നു."* എന്തിനെചൊല്ലിയാണ് മാർത്ത വിചാരപ്പെട്ടത്? അവിടെ ഒരു ആവശ്യം ഉണ്ടായിരുന്നു. അവൾ അതു കണ്ടശേഷം നിസ്വാർത്ഥമായും ത്യാഗപരമായും കർത്താവിനെ സേവിക്കുകയായിരുന്നു. തനിക്കുവേണ്ടിയല്ല, കർത്താവിനും അവിടുത്തെ ശിഷ്യന്മാർക്കും വേണ്ടി ഭക്ഷണം ഒരുക്കാൻ അവൾ അടുക്കളയിൽ വിയർപ്പൊഴുക്കുകയായിരുന്നു! ഇതിനെക്കാൾ വലിയ എന്തു സേവനമാണ് അവൾക്കു ചെയ്യാൻ കഴിയുക? തീർത്തും നിസ്വാർത്ഥമായ പ്രവർത്തനം! ഇന്നു പല ക്രിസ്തീയ വേലക്കാരും ചെയ്യുന്നതുപോലെ പണത്തിനോ ശമ്പളത്തിനോ വേണ്ടിയായിരുന്നില്ല അവളുടെ പ്രവർത്തനം. ഇല്ല, അതു തികച്ചും നിസ്വാർത്ഥമായ സേവനമായിരുന്നു. എന്നിട്ടും കർത്താവ് അവളോടു പറഞ്ഞത് 'നീ പലതിനെ ചൊല്ലി വിചാരിപ്പെട്ടിരിക്കുന്നു' എന്നാണ്! പ്രവൃത്തി ഒന്നും ചെയ്യാതെ വെറുതെ കർത്താവിന്റെ പാദത്തിൽ ഇരുന്ന് കേൾക്കുക മാത്രം ചെയ്ത മറിയയാണു സ്വാർത്ഥമതിയെന്നാണ് അവൾ കരുതിയത്. എന്നാൽ യേശു പറഞ്ഞു *"അതാണു പ്രധാനപ്പെട്ട കാര്യം. ഒന്നുമതി."*

ലിവിങ് ബൈബിളിൽ *1 കൊരിന്ത്യർ 4:2ന്റെ* പരാവർത്തനം വളരെ മനോഹരമാണ്: *"ഒരു വേലക്കാരനെ സംബന്ധിച്ച സുപ്രധാനമായ കാര്യം അവൻ തന്റെ യജമാനൻ അവനോടു ചെയ്യുവാൻ പറയുന്നതു മാത്രം ചെയ്യുന്നു എന്നതാണ്."* ആ വാക്യം എന്റെ ഹൃദയത്തിന് ഏറെ സ്വസ്ഥതതന്നു. ആവശ്യങ്ങൾ ഒട്ടേറെയുള്ള ഈ ലോകത്തെ കാണുമ്പോൾ ഞാൻ എന്തു ചെയ്യണം? ആവശ്യങ്ങൾ എല്ലാം നിവൃത്തിക്കാനായി പ്രവർത്തിച്ചു തളരണമോ? എന്നെ പ്രവർത്തനങ്ങൾക്കു പ്രേരിപ്പിക്കാൻ ക്രിസ്തീയഗോളത്തിൽ ധാരാളം കൗശലക്കാരും ഉണ്ടായിരുന്നു. പക്ഷേ ഞാൻ കർത്താവിനോടു പറഞ്ഞു "ഞാൻ അങ്ങയിൽ നിന്നു കേൾപ്പാൻ ആഗ്രഹിക്കുന്നു." എന്നാൽ എന്നെ വിമർശിക്കാൻ ധാരാളം മാർത്തമാരുണ്ടായിരുന്നു. അവർ പറഞ്ഞു "ഒട്ടേറെ ആവശ്യങ്ങൾ ഉള്ള ലോകം പാപത്താൽ നശിച്ചുപോകുമ്പോൾ വെറുതെ കേട്ടുകൊണ്ടിരുന്നു സമയം പാഴാക്കരുത് എന്നവനോടു പറയൂ."

തീർച്ചയായും ലോകത്തിന്റെ ആവശ്യങ്ങളെ നാം പരിഗണിക്കണം. *'കൊയ്ത്തിനു വെളുത്തിരിക്കുന്ന നിലങ്ങൾ തലപൊക്കി നോക്കുവീൻ'* എന്ന് യേശു തന്നെ പറഞ്ഞിട്ടുണ്ടല്ലോ. നാം ഈ ആവശ്യങ്ങൾ കാണുകയും മറ്റുള്ളവരെ ഈ ആവശ്യങ്ങൾ ചൂണ്ടിക്കാട്ടുകയും വേണം. എന്നാൽ വിളി ദൈവ

ത്തിൽ നിന്നുതന്നെയാണു വരേണ്ടത് – മനുഷ്യരിൽനിന്നല്ല. ഞാൻ അക്കാര്യം കണ്ടെത്തിയിട്ടുണ്ട്.

ഈ ലോകം ഒരു രക്ഷിതാവിനു വേണ്ടി നാലായിരം കൊല്ലം കാത്തുകിടന്നപ്പോൾ യേശു സ്വർഗ്ഗത്തിൽ തന്നെ ഇരിക്കുകയായിരുന്നു. പിതാവിന്റെ സമയത്തിനുമുമ്പ് സ്വർഗ്ഗം വിട്ടു ഭൂമിയിലേക്കു പോകുവാൻ തന്നെ നിർബന്ധിക്കുവാൻ ആർക്കും കഴിയുമായിരുന്നില്ല. പക്ഷേ 'കാലത്തികവിങ്കൽ' അവിടുന്നു വന്നു. ഭൂമിയിൽ വന്നു കഴിഞ്ഞിട്ടും 30 വർഷം അവിടുന്നു ബഞ്ചുകളും സ്റ്റൂളുകളും ഉണ്ടാക്കിക്കൊണ്ടിരുന്നു. അതും ലോകം നാശത്തിലേക്കു പതിച്ചുകൊണ്ടിരുന്നപ്പോൾ! ആവശ്യം കണ്ടുകൊണ്ടുമാത്രം അവിടുന്നു പ്രവർത്തിച്ചില്ല. എന്നാൽ തക്കസമയം വന്നപ്പോൾ 'പോകുക' എന്നു പിതാവ് ആജ്ഞാപിച്ചു. പുത്രൻ **അനുസരിച്ചു.** മൂവായിരം വർഷം മറ്റുള്ളവർക്കു ചെയ്യുവാൻ കഴിയാത്തതു മൂന്നര വർഷം കൊണ്ട് അവിടുന്ന് നിവർത്തിച്ചു. ഒരു സേവകനെ സംബന്ധിച്ച് പരമപ്രധാനമായ കാര്യം അതും ഇതും മറ്റതും എല്ലാം ദൈവത്തിനുവേണ്ടി ചെയ്യുവാൻ ഉഴറി പാഞ്ഞു നടക്കുകയല്ല. മറിച്ച് അവിടുന്ന് പറയുന്നതു **ശ്രദ്ധിക്കുകയാണ്.** കേൾക്കുന്നതാണ് ഏറ്റവും പ്രയാസമുള്ള കാര്യം.

തിരുവചനം പഠിക്കുക, പ്രാർത്ഥിക്കുക, ഉപവസിക്കുക ഇവയൊക്കെ കൃത്യമായി ചെയ്തിരുന്ന ആളുകൾ ഉള്ള ഒരു സഭയിലാണ് ഞാൻ ചെറുപ്പത്തിൽ പൊയ്ക്കൊണ്ടിരുന്നത്. അന്ന് എല്ലാ ദിവസവും രാവിലെ വേർതിരിക്കപ്പെട്ട ഒരു നിശബ്ദസമയം (Quiet time) വചനധ്യാനത്തിനായി എടുക്കണമെന്നും ഞങ്ങൾ പഠിച്ചിരുന്നു. തീർച്ചയായും ഇതൊരു നല്ല സ്വഭാവമാണ്. എന്നാൽ ഇങ്ങനെ പ്രത്യക്ഷത്തിൽത്തന്നെ 'ദൈവസാന്നിധ്യത്തിൽ' ആയിരുന്നിട്ടും ആ ആളുകളെല്ലാം കയ്പും മുഷിച്ചിലും വിമർശനങ്ങളും സംശയവും ഉള്ളവരും അന്യോന്യം വിധിക്കുന്നവരും ഒന്നിച്ചു പോകാൻ കഴിയാത്തവരും ആയിരുന്നു. എവിടെയോ എന്തോ തകരാർ ഉണ്ടായിരുന്നു. ഒരു ദൈവമനുഷ്യനോടൊത്ത് പത്തുപതിനഞ്ചു മിനിറ്റു ചെലവഴിച്ചത് ഞാൻ ഓർത്തു. ആ ചുരുങ്ങിയ സമയം എന്നെ പ്രചോദിപ്പിക്കുകയും വെല്ലുവിളിക്കുകയും ചെയ്തു. അങ്ങനെയെങ്കിൽ സാക്ഷാൽ ദൈവത്തോടൊപ്പം പത്തുപതിനഞ്ചു മിനിറ്റ് ചെലവിട്ടാൽ എന്തു സംഭവിക്കും!എന്നിട്ടും ഞങ്ങളിൽ ഒരു മാറ്റവും ഉണ്ടാകാതിരുന്നത് എന്തുകൊണ്ടാണ്? ദൈവം എന്നെ കാണിച്ചത് രാവിലത്തെ 'നിശബ്ദവേള'യിൽ ഞാൻ കർത്താവിനോടൊപ്പമല്ല സമയം ചെലവഴിക്കുന്നത് എന്നാണ്. ഞാൻ *എന്നോടൊപ്പം* തന്നെയാണ് സമയം ചെലവിട്ടത്. ഞാൻ ആ സമയം ഒരു പുസ്തകം പഠിക്കുകയായിരുന്നു. അതു ബൈബിളാണോ രസതന്ത്രപുസ്തകമാണോ എന്നത് ഒരു വ്യത്യാസവും ഉണ്ടാക്കിയില്ല. ഞാൻ ദൈവത്തോടൊപ്പം സമയം ചെലവിടുകയോ അവിടുന്നു പറയുന്നതു കേൾക്കുകയോ ചെയ്യുകയായിരുന്നില്ല. ഞാൻ കേവലം ഒരു പുസ്തകം പഠിക്കുകയായിരുന്നു!

മറിയയെ സംബന്ധിച്ച് യേശു പറഞ്ഞു *"ഒന്നുമതി"* അതു കേൾക്കുക മാത്രം. അതിൽനിന്നാണ് മറ്റെല്ലാം പുറപ്പെടുന്നത്. ദൈവത്തെ ഫലപ്രദമായി ശുശ്രൂഷിക്കുന്നതിനുള്ള മാർഗ്ഗം അതാണ്. കാരണം നിങ്ങൾ എന്തു ചെയ്യ ണമെന്ന് താൻ ആഗ്രഹിക്കുന്നുവെന്ന് അപ്പോൾ അവിടുത്തേക്കു പറയുവാൻ കഴിയും.

എന്തു ചെയ്യണമെന്ന് പിതാവ് യേശുവിനോടു പറയുമായിരുന്നു. ഒരിക്കൽ യേശു ആത്മാവിനാൽ നടത്തപ്പെട്ട് ഗലീലയിൽനിന്ന് 50 മൈൽ അകലെ യുള്ള സുറഫൊയിനിക്യയിലേക്കു പോയി. യിസ്രായേലിന്റെ അതിർത്തിക്കു പുറത്തുള്ള ആ സ്ഥലത്തേക്ക് അവിടുന്നു നടന്നാണ് പോയിരിക്കുക. അതിന് എന്തു സമയം എടുത്തു എന്നെനിക്കറിഞ്ഞുകൂടാ - ഒരു പക്ഷേ ഒരു മുഴു വൻ ദിവസം. അവിടെ അവിടുന്നു ഭൂതബാധിതയായ മകളുള്ള ഒരു പുറംജാ തിക്കാരിയെ കണ്ടുമുട്ടി. മക്കളുടെ മേശയിൽനിന്നു വീഴുന്ന 'അപ്പനുറുക്കു കൾക്കായി' അവൾ യാചിച്ചപ്പോൾ അവിടുന്ന് ഭൂതത്തെ പുറത്താക്കി. വില യേറിയ വിശ്വാസത്തിന് ഉത്തമോദാഹരണമായി അവളുടെ വിശ്വാസത്തെ ശിഷ്യന്മാർക്കു ചൂണ്ടിക്കാട്ടുകയും ചെയ്തു. പിന്നീട് അവിടുന്ന് ഗലീലയി ലേക്കു തിരിച്ചുനടന്നു. യേശു ഇങ്ങനെയാണ് ജീവിച്ചത്. ഒരേ ഒരു ആത്മാ വിനുവേണ്ടി അവിടുന്ന് ഈ വഴി മുഴുവൻ നടന്നു. സ്ഥിതി വിവരക്കണക്കു കളുടെ വീക്ഷണത്തിൽ ഇതൊരു വലിയ നേട്ടമല്ല. പക്ഷേ ഇതു ദൈവഹിത മായിരുന്നു.

ഈ മട്ടിലാണു യേശു മൂന്നര വർഷവും ശുശ്രൂഷിച്ചത്. ഈ കാലഘട്ട ത്തിനുശേഷം അവിടുന്നു പറഞ്ഞു *"പിതാവേ നീ എനിക്കു ചെയ് വാൻ തന്ന പ്രവൃത്തി തികച്ചിരിക്കുന്നു" (യോഹ. 17:4)* അവിടുന്ന് ലോകത്തിലുള്ള ആവശ്യങ്ങളെല്ലാം നിറവേറ്റിയോ? ഇന്ത്യയിൽ? ആഫ്രിക്കയിൽ? ഇല്ല. അവി ടുന്ന് എല്ലായിടത്തും ആവശ്യങ്ങൾക്കു പരിഹാരം കാണുകയായിരുന്നില്ല. എന്നാൽ പിതാവ് തനിക്കു ചെയ്യുവാൻ തന്ന വേലകളെല്ലാം അവിടുന്നു തിക ച്ചു. അതിനുശേഷം ഈ ലോകത്ത് ഒരു ദിവസംപോലും ജീവിക്കുവാൻ അവിടുത്തേക്ക് ആഗ്രഹമില്ലായിരുന്നു. അപ്പോസ്തലനായ പൗലോസിനും തന്റെ ജീവിതാന്ത്യത്തിൽ 'ഞാൻ ഓട്ടം തികച്ചു' എന്നു പറയുവാൻ കഴി ഞ്ഞു.

ക്രിസ്തുവിന്റെ ശരീരത്തിൽ എനിക്ക് ഒരു വിളിയാണുള്ളത്. നിങ്ങൾക്കു വ്യത്യസ്തമായ മറ്റൊരു വിളിയാണുള്ളത്. പക്ഷേ ദൈവം നമ്മേക്കുറിച്ച് എന്താഗ്രഹിക്കുന്നുവെന്ന് നാം എല്ലാവരും മനസ്സിലാക്കിയിരിക്കണം. ദൈവ സ്വരത്തോട് നമ്മുടെ കാതുകൾ മന്ദമായിരിക്കുന്നതിനുള്ള ഒരു കാരണം നമ്മുടെ ജീവിതത്തിൽ അയഥാർത്ഥ്യം ഉണ്ട് എന്നുള്ളതാണ്- സത്യസന്ധ തയില്ലായ്മ, നാട്യങ്ങൾ.

നാട്യങ്ങളുടെ ഒരു ജീവിതമാണ് നയിച്ചിരുന്നത് എന്നുള്ളതുകൊണ്ട് പരീ ശന്മാർക്ക് യേശു എന്താണ് പറയുന്നതെന്നു ഗ്രഹിക്കാൻ കഴിഞ്ഞില്ല. തങ്ങൾ

ദൈവമനുഷ്യരാണെന്ന ധാരണ അവർ മറ്റുള്ളവർക്കു കൊടുത്തു. അക്കാലത്തെ നേതാക്കന്മാരും പണ്ഡിതന്മാരുമെന്ന നിലയിൽ ആളുകളുടെ മുൻപന്തിയിൽ അവർ നിന്നു. അവർ യേശുവിനെ പരിചയപ്പെടുന്നതിന് നാലോ അഞ്ചോ വർഷം മുമ്പു നിങ്ങൾ ചോദിക്കുകയാണ് 'പത്രോസേ, യോഹന്നാനേ നിങ്ങൾക്കിയാവുന്ന ഒരു ദൈവപുരുഷന്റെ പേരു പറയാമോ? പ്രാദേശിക യഹൂദപള്ളിയിലെ മൂപ്പനായ ഏതെങ്കിലും പരീശന്റെ പേരായിരിക്കും നിശ്ചയമായും അവർ പറയുക. കാരണം അതാണ് അവരുടെ ധാരണ – തിരുവെഴുത്തുകൾ പഠിക്കുന്നവർ, ഉപവസിക്കുന്നവർ, പ്രാർത്ഥിക്കുന്നവർ, തിരുവെഴുത്തിലെ വാക്യങ്ങൾ അടക്കം ചെയ്ത നെറ്റിപ്പട്ടം ധരിക്കുന്നവർ ഇവരാണ് ദൈവജനം. ഇതായിരുന്നിരിക്കാം അവരുടെ ചിന്താഗതി. എന്നാൽ യേശു ഇവരെ കപടഭക്തരെന്നും നരകയോഗ്യരെന്നും കഠിനമായി ഭർത്സിച്ചപ്പോൾ എന്തൊരു ഞെട്ടലായിരിക്കും ശിഷ്യന്മാർക്കുണ്ടായത് എന്നു സങ്കൽപ്പിക്കാവുന്നതേയുള്ളൂ.

യേശു തന്റെ ശിഷ്യന്മാരെ തിരഞ്ഞെടുത്തപ്പോൾ ഏതെങ്കിലും ബൈബിൾസ്കൂളിൽ നിന്ന് ഒരാളെപ്പോലും തിരഞ്ഞെടുത്തില്ല. ഉവ്വ്, അക്കാലത്ത് യെരുശലേമിൽ ഗമാലിയേൽ ഒരു ബൈബിൾ സ്കൂൾ നടത്തിയിരുന്നു. പക്ഷേ തന്റെ ശിഷ്യന്മാരെ തിരഞ്ഞെടുക്കാൻ വേണ്ടി യേശു അവിടേക്കു പോയില്ല. അവിടുന്ന് ഗലീലക്കടൽ തീരത്തു നിന്ന് വിദ്യാവിഹീനരായ ചിലരെ തിരഞ്ഞെടുത്തു തന്റെ അപ്പൊസ്തലന്മാരാക്കി. അവർ എഴുതിയ പുസ്തകങ്ങൾ ബൈബിൾ സെമിനാരികൾ ഇപ്പോൾ ആളുകൾക്കു നൽകുന്നത് അവ പഠിച്ച് ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് എടുക്കുന്നതിനാണ്!! ഇത് അത്ഭുതകരമല്ലേ? നമ്മുടെ ഏതെങ്കിലും ഒരു സെമിനാരിയിൽ നിന്ന് ഒരു ബിരുദം നേടാൻ പോലും പത്രോസിനു കഴിയുമായിരുന്നുവെന്നു ഞാൻ ചിന്തിക്കുന്നില്ല. ഒരു പക്ഷേ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരാൾക്കു മാത്രമേ ഒരു ബിരുദം നേടുവാൻ കഴിയുമായിരുന്നുള്ളു. അക്കൂട്ടത്തിൽ മിടുക്കനും ബുദ്ധിമാനുമായിരുന്ന ഇസ്കരിയോത്ത യൂദായ്ക്കുമാത്രം.

എന്തുകൊണ്ടാണ് യേശു അത്തരം ആളുകളെ തിരഞ്ഞെടുക്കുന്നത്? അവർ ലളിതഹൃദയരും കർത്താവിനെ കേൾക്കുവാൻ മനസ്സുള്ളവരും ആയിരുന്നു. ഈ ശുദ്ധാത്മാക്കൾ ഏതെങ്കിലും പള്ളിയിൽ ചെന്നു പ്രസംഗിച്ചപ്പോൾ അവിടെ ഉണ്ടായ കലക്കം എത്ര വലുതായിരുന്നു! അവിടെ സാധാരണ കേൾക്കുന്ന പതിവു പ്രസംഗമല്ല അവർ നടത്തിയത്. അവർ പ്രവാചകന്മാരായിരുന്നു. ആളുകൾക്കൊരിക്കലും പ്രവാചകന്മാരെ ഇഷ്ടമായിരുന്നില്ല. സ്തെഫാനോസ് ചോദിച്ചതുപോലെ, യിസ്രായേലിന്റെ 1500 വർഷത്തെ ചരിത്രത്തിൽ പ്രവാചകന്മാരിൽ ഏവരെയാണ് അവർ ഉപദ്രവിക്കാതിരുന്നിട്ടുള്ളത്?.

ഈ പ്രവാചകന്മാരൊന്നും നയതന്ത്രജ്ഞരായ പ്രസംഗകരായിരുന്നില്ല. അവർ പ്രവാചകന്മാരായിരുന്നു. ഇക്കാലത്തു നമ്മുടെ രാജ്യത്തു ചില പ്രവാ

ചകന്മാരുണ്ടായിരുന്നെങ്കിൽ ദൈവം എന്താണ് സംസാരിക്കുന്നതെന്നു നമുക്കു കേൾക്കുവാൻ കഴിയുമായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. മനുഷ്യദൃഷ്ടിയിൽ വലുതും വിലയേറിയതുമായതു ദൈവം ഗണ്യമാക്കുന്നില്ല.

ഇതുപോലെയുള്ള മീറ്റിംഗുകൾക്കു ഞാൻ എതിരല്ല. എന്നാൽ ഇത്തരം കോൺഫ്രൻസുകൾക്കു പോകുന്നത് 20 വർഷത്തിനു മുമ്പുതന്നെ ഞാൻ അവസാനിപ്പിച്ചു. ഇപ്പോൾ ഇത്തരം ക്ഷണങ്ങളെ ഞാൻ നിരസിക്കാറാണ് പതിവ്.

ഈ മീറ്റിംഗുകൾ നിങ്ങളെ പ്രശസ്തനാക്കും. മാധ്യമങ്ങളിലൂടെയും നിങ്ങൾക്കു പ്രസിദ്ധി ലഭിക്കും. എന്നാൽ നമ്മുടെ രാജ്യത്തെ ഗ്രാമങ്ങളിലൂടെ – ഇപ്പോൾ എന്റെ ശുശ്രൂഷകൾ ഏറിയ കൂറും അവിടെയാണ് – സഞ്ചരിച്ചിട്ടുള്ളപ്പോൾ ഞാൻ കണ്ടെത്തിയിട്ടുള്ള ഒരു വസ്തുതയുണ്ട്. അതിതാണ്: യഥാർത്ഥ വേല ചെയ്യുന്നവർ ഈ മട്ടിലുള്ള കോൺഫ്രൻസുകളിലുണ്ടാവുകയില്ല. ഗ്രാമങ്ങളിൽ അവർ ആരാലും അറിയപ്പെടാതെ കഴിയുന്നു. അവർക്ക് ഇംഗ്ലീഷു പറയാൻ കഴിവില്ല. ഒരു പ്രബന്ധം അവതരിപ്പിക്കുക എന്നത് എന്താണെന്ന് അവർക്ക് അത്രയുംപോലും അറിയില്ല. പക്ഷേ അവർ ആത്മനിറവുള്ളവരാണ്. കർത്താവിനെ അവർ സ്നേഹിക്കുന്നു. അവർ പുറത്തുപോയി, നഷ്ടപ്പെട്ട ആതമാക്കളെ കൂട്ടിക്കൊണ്ടുവരുന്നു. അത്തരം ആളുകൾക്കായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

മറ്റുള്ളവരോ? അവർ സുവിശേഷ പ്രവർത്തനങ്ങളുടെ സംഘാടകരാണ്. സുവിശേഷീകരണത്തിനുള്ള സംഘടനകളുടെ നേതാക്കളെന്ന നിലയിൽ അവർക്കു ബഹുമാനവും ലഭിക്കുന്നു. എന്നാൽ യേശുക്രിസ്തു മടങ്ങിവരുമ്പോൾ മുമ്പന്മാർ പലരും പിമ്പന്മാരാകും. അതുകൊണ്ട് താഴ്മയിൽ ഇരിക്കുന്നതാണ് നമുക്ക് നന്ന്. നമ്മെക്കുറിച്ചു തന്നെ എളിയ ചിന്തകളിലായിരിക്കുന്നതും നന്നായിരിക്കും. നമ്മുടെ ബിരുദങ്ങളും സ്ഥാനങ്ങളും കണ്ട് ആളുകൾ നമ്മെ ബഹുമാനിക്കുന്നു. എന്നാൽ ദൈവത്തിന്റെ കണ്ണിൽ നാം അത്രയും ശ്രേഷ്ഠരായിരിക്കണമെന്നില്ല. ഇവയെല്ലാം ജനങ്ങളിൽ ഒരു മതിപ്പുണ്ടാക്കിയേക്കാം. പക്ഷേ ദൈവത്തിന് ഇതിൽ മതിപ്പില്ല. സത്യത്തിൽ ഇവ കൊണ്ടു പിശിചിലും മതിപ്പുണ്ടാക്കാൻ കഴിയുകയില്ല. പിശാച് പേടിക്കുന്നത് വിശുദ്ധനായ മനുഷ്യനെയാണ്– വ്യാജമില്ലാത്ത മനുഷ്യൻ, അകവും പുറവും ഒരുപോലെ ഇരിക്കുന്നവൻ, താൻ പ്രവർത്തികമാക്കാത്തതൊന്നും പ്രസംഗിക്കാത്തവൻ.

ആളുകൾ എന്നോട് ചോദിക്കാറുണ്ട് "ബ്രദർ സാക്, വടക്കേ ഇന്ത്യയിലേക്കു പോകാൻ താങ്കൾ ആളുകളെ ഉത്സാഹിപ്പിക്കാത്തതെന്താണ്?" എന്റെ മറുപടി: "ആദ്യം സ്വയം ചെയ്ത കാര്യങ്ങൾ മാത്രമേ യേശു മറ്റുള്ളവരെ ഉപദേശിച്ചുള്ളൂ" *(അപ്പോ. പ്രവ്യ. 1:1)* ഞാൻ വടക്കേ ഇന്ത്യയിൽ ജീവിച്ചിട്ടില്ല. അതുകൊണ്ട് മറ്റുള്ളവരോട് അങ്ങനെ ചെയ്യണമെന്നു പറയാൻ എനിക്കു

കഴിയില്ല. അങ്ങനെ ചെയ്യരുതെന്നല്ല ഞാൻ പറയുന്നത്. ഞാൻ ചെയ്യാത്ത കാര്യങ്ങളൊന്നും ഉപദേശിക്കാൻ എനിക്കു കഴിയില്ലെന്നു മാത്രമാണ്.

എന്നാൽ ക്രിസ്തുവിന്റെ മുഴുശരീരവും ഞാനല്ല. ക്രിസ്തുവിന്റെ ശരീരത്തിലെ വേണ്ടത്ര സമതുലിത (balance) ഇല്ലാത്ത ഒരംഗം മാത്രമാണ് ഞാൻ. എന്നും ഞാൻ സന്തുലിതമായ കാഴ്ചപ്പാടില്ലാത്ത ഒരുവനുമായിരിക്കും. ഈ ഭൂമിയുടെ പരപ്പിലൂടെ നടന്നുപോയിട്ടുള്ളവരിൽ പൂർണമായ സമതുലനം ഉണ്ടായിരുന്ന ഒരേ ഒരുവൻ യേശുക്രിസ്തു മാത്രമാണ്. നിങ്ങൾക്കു സന്തുലനം ഇല്ല. എനിക്കും അങ്ങനെ തന്നെ. നാം കേവലം ഒരു ഭാഗമാണെന്നതിൽ കവിഞ്ഞൊന്നും നമുക്ക് ചിന്തിക്കാതിരിക്കാം. ഓരോ ഭാഗവും ആവശ്യമുള്ളതാണ്. സുവിശേഷകൻ, ഉപദേശകൻ, ഇടയൻ, പ്രവാചകൻ, അപ്പൊസ്തലൻ എന്നിവരെല്ലാം ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ പണിക്കും ആളുകളെ ശരീരത്തിന്റെ ഭാഗമാക്കുന്ന പ്രക്രിയയ്ക്കും അത്യാവശ്യമാണ്.

◆

# 2

# സ്വയത്തിന്റെ മരണത്തിലൂടെയുള്ള ശുശ്രൂഷ

**ന**മ്മുടെ വിളി എന്താണ്? ക്രിസ്തുവിന്റെ ശരീരത്തിന്റെ അംഗമല്ലാത്ത ഒരുവനെ അതിന്റെ അംഗമാക്കുന്നതിനുവേണ്ടിയാണ് നമ്മെ വിളിച്ചിരിക്കുന്നത്. അടിസ്ഥാനപരമായി അതല്ലേ നമ്മുടെ വിളി? ഇക്കാര്യത്തിൽ നാം എല്ലാവരും യോജിക്കുമെന്നു ഞാൻ ചിന്തിക്കുന്നു.

പരിശുദ്ധാത്മാവ് 'ശരീരം' എന്ന പദം ഉപയോഗിച്ചിരിക്കുന്നതിനാൽ ഭൗതിക ശരീരത്തിന്റെ പ്രവർത്തനങ്ങളിൽ നിന്ന് ഞാൻ ഒരു ഉദാഹരണം നൽകട്ടെ. ഇവിടെ ഒരു പാത്രത്തിൽ ഒരു ഉരുളക്കിഴങ്ങ് (അവിശ്വാസിയുടെ പ്രതീകം) ഇരിക്കുന്നു. ഇത് എങ്ങനെയാണ് എന്റെ ശരീരത്തിന്റെ ഭാഗമായി മാറുന്നത്? ഇതിന്റെ ആദ്യപടി സുവിശേഷീകരണമാണ്. അതായത് കൈ നീണ്ടുചെന്ന് പാത്രത്തിൽ നിന്ന് ആ ഉരുളക്കിഴങ്ങ് എടുക്കുക.

ആദ്യത്തെ ശുശ്രൂഷ എപ്പോഴും സുവിശേഷീകരണം തന്നെയാണ്. അതുകൊണ്ടാണ് സുവിശേഷീകരണത്തെ ഞാനൊരിക്കലും വില കുറച്ചു കാണാത്തത്. ഞാനതിനെ വിലയേറിയതായിത്തന്നെ കാണുന്നു. പ്രത്യേകിച്ച് വടക്കേ ഇന്ത്യയിലെ ചൂടിലും പൊടിയിലും പ്രവർത്തിക്കുന്നവരുടെ ശുശ്രൂഷയെ. അവരുടെ മാസികകൾ - അവയിൽ പലതും എനിക്കു വീട്ടിൽ കിട്ടാറുണ്ട് - ഞാൻ താൽപര്യത്തോടെയാണ് വായിക്കുന്നത്. അവിടെ അദ്ധ്വാനിക്കുന്ന എന്റെ ഈ പ്രിയ സഹോദരന്മാരുടെ ശുശ്രൂഷയെക്കുറിച്ച് മനസ്സിലാക്കുന്നു. അവരിൽ ചിലരെ എങ്കിലും അവിടെപോയി കാണുകയും ചെയ്യുന്നു.

ഇവിടെ എന്റെ കയ്യാണു പാത്രത്തിൽ നിന്ന ഉരുളക്കിഴങ്ങ് എടുക്കുന്നത്. സുവിശേഷകൻ (എന്റെ കയ്യ്) പുറത്തു പോയി സുവിശേഷീകരണം (ഉരുളക്കിഴങ്ങ് എടുത്ത് എന്റെ വായിൽ വയ്ക്കുക) നടത്തിയില്ലെങ്കിൽ അതൊരിക്കലും എന്റെ ശരീരത്തിന്റെ ഭാഗമായി മാറുകയില്ല.

പക്ഷേ അവിടംകൊണ്ട് എല്ലാം അവസാനിച്ചോ? ഞാൻ ആ ഉരുളക്കിഴങ്ങ് വായിൽതന്നെ സൂക്ഷിച്ചാൽ അതെന്റെ ശരീരത്തിന്റെ ഭാഗമായി മാറുമോ? ഇല്ല. അത് അസാധ്യമാണ്. കുറേനേരം കഴിഞ്ഞാൽ അതെന്റെ

വായിലിരുന്ന് ചീഞ്ഞുപോകുകയും ഞാൻ പുറത്തേക്കു തുപ്പിക്കളയുകയും ചെയ്യും. ചില വിശ്വാസികൾ ഇങ്ങനെയാണ് ചില സഭകളിലിരുന്ന് ചീഞ്ഞു പോകുന്നത്! അവരെ എടുത്തു വായിൽ സൂക്ഷിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ!

പക്ഷേ ആ ഉരുളക്കിഴങ്ങിനു മറ്റു ചിലതുകൂടി സംഭവിക്കേണ്ടതുണ്ട്. എന്റെ പല്ലുകൾകൊണ്ട് അവയെ ചവച്ചുപൊടിക്കേണ്ടിയിരിക്കുന്നു. ഉരുളക്കിഴങ്ങ് അപ്പോൾ വിചാരിക്കുന്നത് എല്ലാം കഴിഞ്ഞു എന്നാണ്! പക്ഷേ എല്ലാം കഴിഞ്ഞിട്ടില്ല. ഉരുളക്കിഴങ്ങ് തുടർന്ന് എന്റെ ആമാശയത്തിലേക്കാണു പോകുന്നത്. അവിടെ അതാ ധാരാളം ദഹനരസങ്ങൾ കരുണയില്ലാതെ അതിന്റെ മേൽ വർഷിക്കപ്പെടുന്നു. സഭയിലെ പ്രവാചകശുശ്രൂഷയുടെ ചിത്രമാണിത്. തീക്ഷ്ണമായ രസങ്ങൾ വർഷിക്കപ്പെടുന്നത് ഒട്ടും സുഖകരമല്ലെന്നു നിങ്ങൾക്കറിയാം. പാത്രത്തിൽനിന്നും മൃദുവായി എടുക്കപ്പെടുന്ന ശുശ്രൂഷ നല്ലതായിരുന്നു. എന്നാൽ ശക്തിയേറിയ ദഹനരസങ്ങളുടെ രാസ പ്രവർത്തനത്തിനു വിധേയമാകുന്നത് അത്ര സുഖകരമല്ല. ഉരുളക്കിഴങ്ങ് ഇപ്പോൾ പൂർണമായി തകർന്നുപൊടിഞ്ഞിരിക്കുന്നു. കാഴ്ചയിൽ ഇനി ഒരിക്കലും അതൊരു ഉരുളക്കിഴങ്ങായിരിക്കുകയില്ല. പക്ഷേ ചില ആഴ്ചകൾക്കുള്ളിൽ, കണ്ടാലും, അതു രക്തവും മാംസവും അസ്ഥിയുമായി മാറിക്കഴിഞ്ഞു. എന്റെ ശരീരത്തിന്റെ തന്നെ ഒരു ഭാഗമായിക്കഴിഞ്ഞു.

ഈ പ്രക്രിയയിൽ ആരുടെ ജോലിയാണ് കൂടുതൽ പ്രധാനം? നമുക്കു *ലഭിച്ചിട്ടില്ലാത്ത* ഏതു ശുശ്രൂഷയാണ് നമ്മിലാർക്കെങ്കിലും ഉള്ളത്? നാമെല്ലാം സമതുലനം ഇല്ലാത്തവരാണെന്ന്, വിനയമുള്ളവരാണെങ്കിൽ, നമുക്കു സമ്മതിക്കാതെ തരമില്ല. വയറിനെക്കാൾ പ്രാധാന്യം കൈകൾക്കില്ല. അവ അന്യോന്യം പൂരകങ്ങളാണ്. നിർഭാഗ്യവശാൽ ക്രിസ്തീയഗോളത്തിൽ അംഗങ്ങൾ തമ്മിൽ ഇത്തരം നിരന്തരമായ മത്സരം തുടരുന്നു. കൈ അതിന്റേതായ ഒരു സാമ്രാജ്യം കെട്ടിപ്പടുക്കുന്നു. വയർ മറ്റൊരു സാമ്രാജ്യം ഉണ്ടാക്കുന്നു. വായ് വേറൊന്ന്! ഫലം: കെട്ടിപ്പടുക്കുന്നത് ശരീരമല്ല. പകരം 'ശരീരാവയവങ്ങളുടെ പരീക്ഷണശാലയാണ്' – ഒരു വായ് ഇവിടെ. ഒരു വയർ അവിടെ. ഒരു കൈ ഇവിടെ. ഒരു കാൽ അവിടെ. അതൊരു ശരീരമല്ല!

നമുക്ക് ഏറ്റവും അത്യാവശ്യം എന്താണ്? ഉവ്വ്, നമുക്ക് നിർദ്ദേശങ്ങൾ ആവശ്യമാണ്. എന്നാൽ മറ്റെല്ലാറ്റിനെക്കാളുമേറെ നമുക്കാവശ്യം **താഴ്മയാണ്.** നാമെല്ലാം – ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ എല്ലാ അംഗങ്ങളും – തുല്യമായ പ്രാധാന്യം ഉള്ളവരാണെന്ന് അംഗീകരിക്കേണ്ട ആവശ്യം ഉണ്ട്. ശരിയായി ഇംഗ്ലീഷ് സംസാരിക്കാൻ അറിയില്ലെങ്കിലും പുറത്തുപോയി ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ നേടുന്ന പാവപ്പെട്ട സഹോദരനെക്കാൾ വിലയേറിയവനല്ല സുവിശേഷസംഘടനയുടെ 'മഹാനായ' നേതാവ്. എല്ലാവരും ഒരേ ശരീരത്തിന്റെ ഭാഗങ്ങളാണ്.

*"ഇവിടെ കയറിവരിക"* കർത്താവു പറയുന്നു. *"ഇവിടെ നിന്ന് എന്റെ വീക്ഷണ കോണിലൂടെ കാര്യങ്ങളെ നോക്കുക".* ലൗകികമായ കാഴ്ചപ്പാ

ടിൽ നിന്നു മാറി ദൈവിക വീക്ഷണത്തിലൂടെ കാര്യങ്ങളെ വിലയിരിത്തുമ്പോൾ എല്ലാം വളരെ വ്യത്യസ്തമായി തോന്നും.

എന്തുകൊണ്ടാണ് പല ക്രിസ്തീയ പ്രവർത്തകർക്കും തങ്ങളെക്കുറിച്ചുതന്നെ വലിയ മതിപ്പുള്ളത്? സത്യസന്ധമായി പറയുക. നിങ്ങൾ തനിയേ ഇരിക്കുമ്പോൾ നിങ്ങളെക്കുറിച്ചു മനസ്സിൽ വരുന്ന ചിന്തകൾ എന്തെല്ലാമാണ്? നിങ്ങൾ സ്വയം ഒന്നുമില്ലെന്നു സമ്മതിക്കുന്ന താഴ്മയുടെ ചിന്തകളാണോ അവ?

രാത്രികളിൽ തനിയെ ഇരുന്ന് ആകാശത്തേക്കു നോക്കി അത്ഭുതപ്പെടുന്ന സമയങ്ങൾ എനിക്കുണ്ട്. കോടിക്കണക്കിനു നക്ഷത്രങ്ങൾ ഈ പ്രപഞ്ചത്തിലുണ്ടെന്നും ഈ ഭൂമി അതിൽ ഒരു പുള്ളിക്കുത്തുമാത്രമാണെന്നും എനിക്കറിയാം. ഞാൻ പറയാറുണ്ട്. "ദൈവമേ നീ എത്ര വലിയവൻ. ഈ പ്രപഞ്ചവും എത്ര വിശാലം! ഭൂമിയെന്നു വിളിക്കുന്ന ഈ ചെറിയ തരിയിലെ വളരെ ചെറിയ ഒരു പൊടി മാത്രമാണു ഞാൻ. ഇവിടെ ഞാൻ അങ്ങയെ പ്രതിനിധാനം ചെയ്യുന്നുവെന്ന് അവകാശപ്പെടുകയും വലിയ കാര്യങ്ങൾ പ്രസംഗിക്കുകയും ചെയ്യുന്നു. എന്നെക്കുറിച്ചുതന്നെ സുബോധമുള്ള ഒരു വിലയിരുത്തൽ ഉണ്ടാകുവാൻ എന്നെ സഹായിക്കേണമേ". നിങ്ങളും ഇപ്രകാരം ദൈവത്തോടു പറയുന്നത് നല്ലതാണെന്നു ഞാൻ പറയട്ടെ.

ദൈവം താഴ്മയുള്ളവർക്കു കൃപ കൊടുക്കുന്നു. അറിവ് ആർക്കും ഉണ്ടാകും. എന്നാൽ കൃപ താഴ്മയുള്ളവർക്കേ ലഭിക്കൂ. അറിവിനേക്കാൾ കൃപ എത്രയോ മടങ്ങാണ് നമുക്കുവേണ്ടത്!

ഹിന്ദു, മുസ്ലീം പശ്ചാത്തലങ്ങളിൽ നിന്നും കർത്താവിലേക്കു വരുന്നവരും വിശ്വാസത്തിന്റെ പേരിൽ വീട്ടുകാരാൽ പീഡിക്കപ്പെടുന്നവരുമായ യുവാക്കളെക്കുറിച്ചു ഞാൻ ചിന്തിക്കാറുണ്ട്. അത്തരം ഒരാൾ നമ്മുടെ സഭകളിൽ വന്നാൽ അവൻ എന്താണ് കാണുന്നത്? യേശുക്രിസ്തുവിന്റെ ആത്മാവ് അവന് അവിടെ ദർശിക്കുവാൻ സാധിക്കുമോ? നമുക്കു ചുറ്റുള്ളമുള്ളവർക്ക് ക്രിസ്തീയതയെക്കുറിച്ച് തെറ്റായ ധാരണയല്ലേ നാം കൊടുക്കാറുള്ളത്?

ഹൈന്ദവനായ എന്റെ ഒരു അയൽക്കാരൻ ഒരു ദിവസം എന്നോടു പറഞ്ഞു. "മിസ്റ്റർ പുന്നൻ, കഴിഞ്ഞ ദിവസം താങ്കളുടെ തിരുമേനിയെ ഞാൻ ടെലിവിഷനിൽ കണ്ടു." അതെന്റെ തിരുമേനിയല്ലെന്നു ഞാൻ പറഞ്ഞത് കേട്ടപ്പോൾ അദ്ദേഹത്തിന് ആശ്വാസമായി. കാരണം അദ്ദേഹം ക്രിസ്തുവിനെ ബഹുമാനിക്കുന്ന ആളാണ്. ആളുകളെ സിംഹാസനങ്ങളിൽ എഴുന്നള്ളിക്കുന്നതിലല്ല മറിച്ച്, യേശുവിനെ ദാസനെന്നു വിവരിക്കുന്ന സുവിശേഷത്തിൽ അധിഷ്ഠിതമാണ് എന്റെ ക്രിസ്തീയതയെന്നു കേൾക്കാൻ കഴിഞ്ഞത് അദ്ദേഹത്തെ സമാശ്വാസിപ്പിച്ചു.

എല്ലാ ഫലപ്രദമായ ശുശ്രൂഷയുടെയും – അതു സുവിശേഷീകരണമായാലും മറ്റെന്തായാലും – ആദ്യനിയമം *എബ്രായർ 2:17* ൽ നാം കാണുന്നു:

"യേശു സകലത്തിലും തന്റെ സഹോദരന്മാരോടു സദൃശ്യനായിത്തീർന്നു". എന്നാണ് അവിടെ വായിക്കുന്നത്. അക്കാര്യം ധ്യാനിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടുന്ന് തന്റെ സഹോദരന്മാർക്കു തുല്യനായി – **സകലത്തിലും.**

എനിക്ക് എങ്ങനെയാണ് മറ്റുള്ളവരെ സേവിക്കാൻ കഴിയുന്നത്? സകലത്തിലും അവരെപ്പോലെ ആയിത്തീർന്നാലേ അതു സാധിക്കുകയുള്ളൂ. ഞാൻ അവരുടെ തലത്തിലേക്ക് ഇറങ്ങിച്ചെല്ലേണ്ടിയിരിക്കുന്നു.

നിലത്ത് ഇഴയുന്ന കൊച്ചുറുമ്പിനോട് സംവദിക്കാൻ എനിക്കു കഴിയാത്തത് എന്തുകൊണ്ടാണ്? കാരണം ഞാൻ വളരെ വലുതാണ്. ഞാൻ മനുഷ്യാകാരത്തിൽ തന്നെ അതിന്റെ അടുത്തു ചെന്നാൽ അതു ഭയന്നുപോകും. ഒന്നാമത് ഉറുമ്പിനെപ്പോലെ ആയിത്തീരുക എന്നതാണ് അതുമായി സംവദിക്കാനുള്ള ഏകവഴി. ദൈവത്തിനു നമ്മളുമായി ബന്ധം പുലർത്തുവാനുള്ള ഒരേ ഒരു മാർഗ്ഗം നമ്മെപ്പോലെ ആയിത്തീരുക എന്നതായിരുന്നു. നമുക്കെല്ലാം അതു മനസ്സിലാക്കാൻ കഴിയും. എന്നാൽ മറ്റുള്ളവരെ സേവിക്കണമെങ്കിൽ അതു സഭയിലായാലും പുറത്തായാലും ആദ്യ നിയമം എല്ലാറ്റിലും അവരെപ്പോലെ ആയിത്തീരുക എന്നതാണെന്ന കാര്യം മറന്നുപോകരുത്. യെഹെസ്കേൽ പറഞ്ഞതുപോലെ അവർ *'ഇരിക്കുന്ന ഇടത്തുതന്നെ ഇരിക്കുക.' (യെഹ.3:15)*

അതിന്റെ അർത്ഥം നാം നമ്മെത്തന്നെ മറ്റുള്ളവർക്കു മീതെ ഉയർത്തരുതെന്നാണ്. അതുകൊണ്ടാണ് ഗുരുവെന്നോ പിതാവെന്നോ ഉള്ളപേര് എടുക്കരുതെന്ന് യേശു ശിഷ്യന്മാരോടു പറഞ്ഞത്. കാരണം അത്തരം ഒരു പദവി നിങ്ങൾ ശുശ്രൂഷിക്കുന്ന ആളുകളുടെ മീതെ നിങ്ങളെ ഉയർത്തും. അവരെപ്പോലെ ആകുന്നതിനു പകരം നിങ്ങളുടെ വലിപ്പംകൊണ്ട് അവരെ ഭയപ്പെടുത്തുകയാണ് നിങ്ങൾ ചെയ്യുന്നത്.

ഇത്തരം മുന്നറിയിപ്പുകളുണ്ടായിട്ടും ക്രിസ്തീയഗോളത്തിൽ ഈ മട്ടിലുള്ള പേരുകൾ എടുത്തിട്ടുള്ള ധാരാളം പേർ ഇന്നുണ്ട്.

ലോകത്തിന്റെ രീതികൾ ഉപയോഗിച്ച് ദൈവത്തെ സേവിക്കാൻ കഴിയുമെന്നാണു നമ്മൾ കരുതുന്നത്. പക്ഷേ അതു വാസ്തവമല്ല.

ഫെലിസ്ത്യർ ഒരിക്കൽ ദൈവത്തിന്റെ പെട്ടകം പിടിച്ച കാര്യം നമ്മൾ പഴയനിയമത്തിൽ കാണുന്നു. പക്ഷേ അവർക്ക് അതുമൂലം പ്രശ്നമുണ്ടായപ്പോൾ കാളവണ്ടിയിൽ പെട്ടകം കയറ്റി യിസ്രായേലിലേക്കു തിരിച്ചയച്ചു. വർഷങ്ങൾക്കു ശേഷം ദാവീദിന് ആ പെട്ടകം കൊണ്ടുപോകേണ്ടിവന്നപ്പോൾ അദ്ദേഹം ചിന്തിച്ചു. "ഹാ! അതൊരു നല്ല ആശയമാണ്. ന്യായപ്രമാണത്തിൽ പറയുന്നതു പോലെ ലേവ്യർ പെട്ടകം തോളിൽ ചുമക്കുന്നത് ചെറിയ ദൂരത്തേക്കാണെങ്കിൽ നല്ല രീതിയാണ്. പക്ഷേ കൂടുതൽ ദൂരം കൊണ്ടുപോകണമെങ്കിൽ ഫെലിസ്ത്യരുടെ സമ്പ്രദായംതന്നെയാണ് തീർച്ചയായും ഉത്തമം." അതുകൊണ്ട് ദാവീദും പെട്ടകം കാളവണ്ടിയിൽ കയറ്റിക്കൊണ്ടുപോകാൻ

ശ്രമിച്ചു. എന്താണ് സംഭവിച്ചതെന്നു നിങ്ങൾക്കറിയാം. കാള വിരണ്ടു. പെട്ടകം വീഴാതെ പിടിക്കാൻവേണ്ടി ഉസ്സാ കൈ നീട്ടി. അവൻ ലേവ്യനല്ലാതിരുന്നതി നാൽ ദൈവം ക്രോധപൂർവം അവനെ അവിടെവച്ചുതന്നെ ഛേദിച്ചുകളഞ്ഞു. തന്റെ രീതികളെ ദൈവം മാറ്റുന്നില്ല. ദാവീദ് അസ്വസ്ഥനായി. പക്ഷേ എല്ലാം എവിടെയാണ് ആരംഭിച്ചത് ദാവീദ് ഫെലിസ്ത്യരെ അനുകരിക്കാൻ തുടങ്ങി യപ്പോഴാണ് അതു സംഭവിച്ചത്. മരണം അവിടേക്കു കടന്നുവന്നു.

നമ്മൾ ലോകത്തിന്റെ വഴികളെ അനുകരിക്കാൻ ശ്രമിക്കുമ്പോൾ അവിടെ മരണം കടന്നുവരും. ബിസിനസ് സ്ഥാപനങ്ങൾ നടത്തുന്ന രീതിയിൽ ക്രിസ്തീയ സഭകൾ നടത്തുവാൻ തുടങ്ങുമ്പോൾ, ക്രിസ്തീയ പ്രവർത്തന ത്തിൽ **പണം** ഒന്നാമത്തെ ഘടകമായി മാറുമ്പോൾ.....

പണം വരുന്നത് ഒരു ദിവസം പൊടുന്നനെ ഇല്ലാതായാൽ നാം നടത്തുന്ന സഭയോ സംഘടനയോ നിലനിൽക്കുമോ അതോ എല്ലാം ഒന്നായി തകർന്നു വീഴുമോ എന്നു നാം നമ്മോടുതന്നെ ചോദിക്കുന്നതു നന്നായിരിക്കും. ദൈവ ത്തിന്റെ യഥാർത്ഥവേലയിൽ പണത്തെ ഉപയോഗിച്ചേക്കും. എന്നാൽ അതിനെ ആശ്രയിക്കുകയില്ല **പരിശുദ്ധാത്മാവിൽ** മാത്രമായിരിക്കും ആശ്രയം.

*ആത്മാവ് അസൂയയോടെ കാംക്ഷിക്കുന്നുവെന്നു* ബൈബിൾ പറയുന്നു. *(യാക്കോ 4:5)* സഭയിലെ തന്റെ മാന്യമായ സ്ഥാനം മറ്റെന്തെങ്കിലുമോ ആരെ ങ്കിലുമോ എടുത്താലാണ് അസൂയ ഉണ്ടാകുന്നത്. അതു സംഗീതമാകാം. ഞാൻ സംഗീതത്തിന് എതിരല്ല. ലേകത്തെ അനുകരിക്കാതെ, സാധ്യമായ ഏറ്റവും നല്ല സംഗീതം തന്നെ സഭയിൽ ഉണ്ടാകണമെന്നാണ് എന്റെ ആഗ്ര ഹം. പക്ഷേ നാം സംഗീതത്തെ ആശ്രയിക്കരുത്.

ഉദാഹരണത്തിന് മീറ്റിംഗിന്റെ അവസാനം ഓർഗൻ നേരിയ ശബ്ദത്തിൽ ട്യൂൺ ചെയ്യുമ്പോൾ ഒരു തീരുമാനത്തിലേക്ക് ആളുകളെ നടത്താമെന്നാണോ നാം കരുതുന്നത്. അതെന്താണ്? മനഃശാസ്ത്രപരമായ കൗശലമാണത്. അല്ലാതെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനമല്ല.

ദൈവവചനം പരിശുദ്ധാത്മശക്തിയാൽ യേശുവും പത്രോസും പ്രസം ഗിച്ചതുപോലെ നിങ്ങൾ പ്രസംഗിച്ചാൽ ഒടുവിൽ ഓർഗന്റെ നേരിയ സംഗീ തമൊന്നും വേണ്ടിവരികയില്ല. എന്നാൽ പരിശുദ്ധാത്മാവിന്റെ ശക്തി ഇല്ലെ ങ്കിൽ, തീരുമാനം എടുക്കാൻ ആളുകളെ പ്രേരിപ്പിക്കാൻ അത്തരം മനഃശാ സ്ത്രപരമായ കൗശലങ്ങളൊക്കെ വേണ്ടിവരും. പക്ഷേ അത്തരം തീരുമാന ങ്ങളൊക്കെ ഉപരിപ്ലവവും വൈകാരികവുമായിരുന്നെന്ന് കാലാന്തരത്തിൽ കണ്ടെത്തും.

സഭയിലെ തന്റെ ന്യായമായ സ്ഥാനത്തിനുവേണ്ടി പരിശുദ്ധാത്മാവ് അസൂ യയോടെ കാംക്ഷിക്കുന്നു. പരിശുദ്ധാത്മാവിനു പകരം ദൈവശാസ്ത്രമോ, സംഗീതമോ, പണമോ വയ്ക്കുവാൻ കഴിയുകയില്ല. യേശു ഒരു സ്തോത്ര

ഗീതം പാടിയതായി എഴുതിയിരിക്കുന്നു. പിതാവിനെ സ്തുതിക്കുവാൻ സഭയെ നയിക്കുന്നത് യേശു തന്നെയാണെന്ന് *എബ്രായർ 2:12ൽ* വായിക്കുന്നു. അപ്പോൾ ദൈവത്തെ പാടി സ്തുതിക്കുമ്പോൾ നാം നമ്മുടെ നേതാവിനെ പിന്തുടരുകയാണ്. അങ്ങനെയെങ്കിൽ നമുക്ക് എങ്ങനെ സംഗീതത്തെ എതിർക്കാൻ കഴിയും? നാം ഇതിനൊന്നും എതിരല്ല. എന്നാൽ എന്തിലാണ് നാം ആശ്രയിക്കുന്നത് എന്നതാണ് പ്രസക്തമായ ചോദ്യം.

നാം വലിയ പ്രസംഗകരിലും വ്യക്തികളിലുമാണോ ആശ്രയിക്കേണ്ടത്? അല്ല. പരിശുദ്ധാത്മാവ് അസൂയയോടെ കാംക്ഷിക്കുന്നു.

യേശു ഒരു **ദാസനായിത്തീർന്നു.** ദാസത്വത്തെക്കുറിച്ച് എല്ലാ ക്രിസ്തീയ നേതാക്കന്മാരും പ്രസംഗിക്കാറുണ്ട്. ഇതേപ്പറ്റി ധാരാളം പുസ്തകങ്ങളും ഉണ്ട്. പക്ഷേ പ്രായോഗികതലത്തിൽ ഇതിന്റെ അർത്ഥം എന്താണ്? ഞാൻ നിങ്ങളോടു ചോദിക്കട്ടെ: നിങ്ങൾ സഹപ്രവർത്തകരോട് എങ്ങനെയാണ് പെരുമാറുന്നത്? ഇന്നലെ വന്നുചേർന്ന, നിങ്ങളുടെ സംഘടനയിലെ ഏറ്റവും ഇളയ സഹപ്രവർത്തകനോടുള്ള മനോഭാവം എന്താണ്? അവൻ നിങ്ങൾക്കൊരു സഹോദരനാണോ? അതോ നിങ്ങളെക്കുറിച്ചുള്ള ഭീതിയിലാണോ അവൻ കഴിയുന്നത്? അങ്ങനെയെങ്കിൽ അന്ത്യനാൾവരെ നിങ്ങൾ ദാസത്വത്തെക്കുറിച്ചു പ്രസംഗിച്ചാലും നിങ്ങൾക്ക് അതു മനസ്സിലായിട്ടില്ലെന്നു ഞാൻ പറയും. നിങ്ങൾ യേശുവിനെ കണ്ടിട്ടില്ല.

യേശു വളരെ ലളിതമനസ്കനായിരുന്നു. അവിടുന്ന് ആളുകളെ ഭയപ്പെടുത്തിയില്ല. 'മനുഷ്യപുത്രനാണെന്നാ'ണ് യേശു സ്വയം പറഞ്ഞത്. 'വെറും സാധാരാണ മനുഷ്യൻ' എന്ന് അർത്ഥം. എല്ലാ നിത്യതയിലും പിതാവിനോടൊപ്പമുണ്ടായിരുന്ന നിർമലനും, വിശുദ്ധനുമായ ദൈവപുത്രനാണ് അവിടുന്ന്. എന്നാൽ ഒരു സാധാരണക്കാരനായി അവിടുന്ന് ഈ ഭൂമിയിൽ ജീവിച്ചു. എല്ലാറ്റിലും അവിടുന്നു സഹോദരന്മാരെപ്പോലെ ആയിത്തീർന്നു.

എല്ലാറ്റിലും സഹോദരന്മാരെപ്പോലെ ആകണമെങ്കിൽ നമ്മിലുള്ള ചിലതു മരിക്കേണ്ടിയിരിക്കുന്നു. 'മരണത്തോളം സ്വയം താഴ്ത്തി' എന്നാണ് യേശുവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. മരണമാണ് നമ്മുടെ താഴ്മയുടെ പൂർണ്ണ തെളിവ്.

നിലത്തു വീണു ചാകുന്ന ഗോതമ്പുമണിയിൽ നിന്നു വളരെ വിളവുണ്ടാകും എന്നു പറഞ്ഞിരിക്കുന്നു. ഇരുപത്തി രണ്ടു വർഷം മുമ്പ് യാഥാർത്ഥ്യത്തെ സംബന്ധിച്ച പ്രതിസന്ധി ഉണ്ടായപ്പോൾ ഞാൻ കണ്ടെത്തിയ ഒരു സത്യമാണിത്. കർത്താവിനുവേണ്ടി ഇന്ത്യയിൽ എനിക്കു ചെയ്യാവുന്ന ഏറ്റവും വലിയ വേല 'നിലത്തു വീണു ചാകുക' എന്നതാണെന്നു ഞാൻ മനസ്സിലാക്കി. എന്റെ ഇച്ഛ സംബന്ധിച്ച്, എന്നെക്കുറിച്ചുള്ള ആളുകളുടെ മതിപ്പിന്, എന്റെ ജീവിത വാഞ്ചരയ്ക്ക്, എന്റെ ലക്ഷ്യങ്ങൾക്ക്, എന്റെ പണസ്നേഹത്തിന്, പ്രത്യേകിച്ച് **എന്റെ സ്വയത്തിന്,** എല്ലാറ്റിനും ഞാനും മരിക്കേണ്ടിയിരിക്കുന്നു.

അപ്പോൾ പിന്നെ എനിക്ക് എല്ലാറ്റിനും എല്ലാം യേശു മാത്രമായിരിക്കും. അങ്ങനെ സത്യസന്ധമായി സങ്കീർത്തനക്കാരനെപ്പോലെ *"സ്വർഗ്ഗത്തിലെനിക്ക് ആരുള്ളൂ. ഭൂമിയിലും നിന്നെ അല്ലാതെ ഒന്നും ഞാനാഗ്രഹിക്കുന്നില്ല" എന്നു ദിവസവും പറയുവാൻ കഴിയും. (സങ്കീ 73:25)*

എന്റെ കിടക്കയിൽ കർത്താവിനോട് പലവട്ടം പറഞ്ഞിട്ടുള്ള ഒരു കാര്യമുണ്ട്. 'കർത്താവേ, എന്റെ ശുശ്രൂഷയല്ല എന്റെ ദൈവം. അവിടുത്തെ സ്ഥാനം മറ്റാരും കയ്യടക്കുകയില്ല. അവിടുന്നാണെനിക്കെല്ലാം. എന്റെ ശബ്ദത്തെ അവിടുത്തേക്ക് എടുക്കാം. പക്ഷാഘാതംമൂലം എന്നെ കിടക്കയിലാക്കാം. എന്നെ സംബന്ധിച്ച് അവിടുന്ന് ആഗ്രഹിക്കുന്ന എന്തും ചെയ്യാം. അപ്പോഴും മുഴുഹൃദയത്തോടെ ഞാൻ അങ്ങയെ സ്നേഹിക്കും'. ആർക്കും എന്റെ സന്തോഷം എടുത്തുകളയാനാവില്ല. കാരണം ദൈവസന്നിധിയിൽ സന്തോഷപരിപൂർണതയുണ്ട്. ആ ഉറവിൽനിന്നാണ് ജീവജലത്തിന്റെ നദികൾ പുറപ്പെട്ട് നമ്മിലൂടെ ഒഴുകുന്നത്.

അവസാനമായി ഒരു കാര്യം. വളരെ വളരെ വർഷങ്ങൾക്കുമുമ്പ് ഞാൻ ഒരു യുവക്രിസ്ത്യാനിയായിരിക്കുമ്പോൾ *2 ശമുവേൽ 24:24ൽ* നിന്ന് കർത്താവ് എന്നോടു സംസാരിച്ചു. അവിടെ ദാവീദു പറയുന്നു *'എനിക്ക് ഒന്നും ചെലവില്ലാതെ ഞാൻ എന്റെ ദൈവത്തിനു യാഗം കഴിക്കുകയില്ല.'*

അന്ന് ദൈവം എന്റെ ഹൃദയത്തോടു പറഞ്ഞത് താൻ ഈ ഭൂമിയിൽ വന്നപ്പോൾ തനിക്ക് വിലപ്പെട്ടതു മുഴുവൻ അവിടുന്ന് അർപ്പിച്ചു എന്നാണ്. ഞാൻ കർത്താവിനെ സേവിക്കുവാൻ തുനിയുന്നെങ്കിൽ അതേ ആത്മാവിലാണ് സേവിക്കേണ്ടത്. എന്റെ എല്ലാ സേവനവും എനിക്ക് എന്തെങ്കിലും **വിലയുള്ളത് അർപ്പിക്കുന്നതായിരിക്കണം.**

കർത്താവിനെ സേവിക്കുന്നത് നിങ്ങൾക്ക് എങ്ങനെയാണ്? അതിന് നിങ്ങൾക്കെന്തെങ്കിലും വില കൊടുക്കേണ്ടിവന്നിട്ടുണ്ടോ? തങ്ങൾ ഒരു ഭൗതിക ജോലിക്കു പോയിരുന്നെങ്കിൽ കിട്ടുമായിരുന്നതിന്റെ അഞ്ചും പത്തും മടങ്ങ് ക്രിസ്തീയവേലയിൽ നിന്നു സമ്പാദിക്കുന്നവർ ഇന്ന് ഇന്ത്യയിലുണ്ട്.

ഇതാണോ ത്യാഗം?

ഇന്ത്യൻ നേവിയിലെ ഉദ്യോഗം 43 വർഷം മുമ്പ് വിടുമ്പോൾ ഞാൻ ഒരു തീരുമാനം എടുത്തു. ഭൗതികജോലിയിൽ നിന്ന് എനിക്കു കിട്ടുമായിരുന്നതിലേറെ എന്റെ വരുമാനം ഉയർത്തത്തക്ക വിധത്തിൽ പണമൊന്നും ഞാൻ സ്വീകരിക്കുകയില്ല എന്നായിരുന്നു അത്. എന്നെ ഈ 43 വർഷവും ആ തീരുമാനം സൂക്ഷിച്ചു.

നാം മറ്റുള്ളവരെ വിധിക്കരുത്. നിങ്ങളെ ആരേയും വിധിക്കുവാനല്ല ഞാൻ ഇവിടെ വന്നിരിക്കുന്നത്. നിങ്ങളിൽ മിക്കവരെയും എനിക്ക് അറിയില്ല. അതുകൊണ്ട് ഇതു പറയുവാൻ എളുപ്പമാണ്. ഒരു ഭൗതികജോലിയിൽ ആയിരുന്നെങ്കിൽ ഇന്ന് എന്തു കിട്ടുമായിരുന്നു എന്ന് സ്വയം ചോദിക്കുക.

ജോൺ വെസ്ലി തന്റെ സഹപ്രവർത്തരോട് കൂടെകൂടെ പറയുമായിരുന്നു 'സുവിശേഷം പ്രസംഗിക്കുന്നതു കൊണ്ട് നിങ്ങൾ ധനവാനായി എന്നു പറയാൻ ഇടവരുത്തരുത്.'

ക്രിസ്തീയ പ്രവർത്തനത്തിന് എവിടെയാണ് ഏറ്റവും കൂടുതൽ കോട്ടം തട്ടിയിട്ടുള്ളതെന്നു നിങ്ങൾക്കറിയാമോ? ഇവിടെയാണ്, ഈ മേഖലയിൽ. **നിങ്ങൾക്ക് ദൈവത്തേയും പണത്തേയും ഒരുമിച്ചു സേവിക്കുവാൻ കഴി യുകയില്ല.** നാം കൈകാര്യം ചെയ്യേണ്ട ആദ്യത്തെ വിഷയം ഇതുതന്നെ യാണ്. സൂര്യനു കീഴിലുള്ള എല്ലാ വിഷയങ്ങളെക്കുറിച്ചും സംസാരിച്ച് നമുക്ക് ഇവിടെ സമയം ചെലവഴിക്കാൻ കഴിയും. പക്ഷേ പണസ്നേഹമെന്ന പ്രശ്ന ത്തോടു നാം ഗൗരവപൂർവം ഇടപെട്ടിട്ടില്ലെങ്കിൽ നമ്മുടെ ശുശ്രൂഷയെല്ലാം വൃഥാവായിത്തീരും.

ആളുകൾ അവരുടെ താമസം ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്തേക്കു മാറ്റാ റുണ്ട്. അതിൽ തെറ്റൊന്നുമില്ല. യേശുവും തന്റെ താമസം സ്വർഗത്തിൽ നിന്നു ഭൂമിയിലേക്കു മാറ്റി. പക്ഷേ ആ സ്ഥലമാറ്റം താഴോട്ടായിരുന്നു. ഈ ഭൂമി യിലെ ആളുകളെക്കുറിച്ചുള്ള യഥാർത്ഥമായ താൽപര്യംകൊണ്ടായിരുന്നു അങ്ങനെ ചെയ്തത്.

നിങ്ങൾ എന്തിനാണ് സ്ഥലം മാറിയത്?

വീണ്ടും, ഞാൻ നിങ്ങളെ വിധിക്കുകയല്ല. ഞാൻ ചോദിക്കുക മാത്രമാണ്.

നിങ്ങൾ സ്ഥലം മാറിയത് പുതിയസ്ഥലത്തുനിന്ന് കർത്താവിനെ ഇന്ത്യ യിൽ കൂടുതൽ ഫലപ്രദമായി സേവിക്കാൻ കഴിയും എന്നുള്ളതുകൊ ണ്ടാണോ? നിങ്ങൾ ഭാവിക്കുന്നതുപോലെ ഈ നാടിനെക്കുറിച്ച് നിങ്ങൾ യഥാർത്ഥമായ ഭാരമുണ്ടോ?

ദക്ഷിണേന്ത്യയിലെ സൗകര്യങ്ങളിൽ കഴിഞ്ഞുകൊണ്ട് ഉത്തരേന്ത്യൻ ഗ്രാമങ്ങളെക്കുറിച്ച് 'ഭാരപ്പെടുവാൻ' കഴിയുമോ? നിങ്ങൾക്ക് കഴിയുമായി രിക്കാം. എന്നാൽ എങ്ങനെ അതു കഴിയുമെന്ന് എനിക്കു മനസ്സിലാകുന്നില്ല.

അമേരിക്കയിൽ താമസിച്ചുകൊണ്ട് ഇന്ത്യയെക്കുറിച്ച് ഒരു ഭാരം വച്ചുപു ലർത്തുവാൻ കഴിയുമോ? കഴിയും കടലാസിൽമാത്രം. കടലാസിൽ നിങ്ങൾക്ക് എന്തിനെക്കുറിച്ചും ഭാരപ്പെടുവാൻ കഴിയും!

പിശാച് വലിയ വഞ്ചകനാണ്. അവൻ നമ്മെ പൂർണമായി വഞ്ചിച്ചുക ളയും. സത്യത്തിൽ നമുക്ക് ഒരു കാര്യത്തെക്കുറിച്ച് ഇല്ലാത്ത ഒരു വലിയ ഭാരം ഉണ്ടെന്ന് അവൻ തോന്നിപ്പിക്കും!

നിങ്ങൾ നിങ്ങളെക്കുറിച്ച് സത്യസന്ധനായിരിക്കണമെന്നു ഞാൻ ആഗ്ര ഹിക്കുന്നു. ഞാൻ ഇവിടെ ഒരു പ്രബന്ധം അവതരിപ്പിക്കുകയല്ല. എന്റെ ഹൃദയം പങ്കിടുകയാണ്. അതു ദൈവത്തിന്റെയും ഹൃദയമാണെന്നു ഞാൻ കരുതുന്നു.

പ്രിയ സഹോദരീസഹോദരന്മാരേ, ഞാൻ നിങ്ങളെ വിധിക്കുന്നില്ല. “നീ മറ്റുള്ളവരെ വിധിച്ചാൽ നിന്നെത്തന്നെ നശിപ്പിക്കും” എന്ന് ദൈവം എന്നോട് വർഷങ്ങൾക്കു മുമ്പു പറഞ്ഞിട്ടുണ്ട്.

ആരേയും വിധിക്കുകയല്ലെന്ന് ഞാൻ ഇന്നു ദൈവസന്നിധിയിൽ നിന്നു കൊണ്ടു പറയുന്നു. ഞാൻ എന്നെത്തന്നെ വിധിക്കുകയാണ്. അനുതപിക്കു കയാണ്. **ദിനം തോറുമുള്ള അനുതാപത്തിന്റെ ജീവിതമാണ് എന്റെ ജീവിതം.** കാരണം എന്റെ ജീവിതത്തിലെ പലമേഖലകളിലും ഞാൻ ക്രിസ്തു തുല്യമല്ലാത്ത മനോഭാവം കാണുന്നു. ഞാൻ അനുതാപത്തോടെ പറയുന്നു “ആ ആളിനോട് ഞാൻ ദയയോടെ സംസാരിച്ചില്ല. സംസാരിക്കേണ്ടത് എങ്ങ നെയെന്നു പഠിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു.”യാക്കോബ് പറയുന്നതുപോലെ *‘തന്റെ നാവിനെ കടിഞ്ഞാണിടാത്തവന്റെ ക്രിസ്തീയത വെറും പൂജ്യമാണ്.’ (യാക്കോ 1:26)*

ആ വാക്യം എപ്പോഴും എന്റെ മുമ്പിൽ സൂക്ഷിപ്പാൻ ഞാൻ ആഗ്രഹി ക്കുന്നു.

തന്റെകൂടെ ഉള്ളവരെല്ലാം സ്വന്തംകാര്യം നോക്കുന്നവരായതുകൊണ്ട് ഫിലിപ്പയയിലേക്കയക്കാൻ തനിക്കു തിമൊഥെയോസ് മാത്രമേ ഉള്ളുവെന്ന് പൗലൊസ് ഒരിക്കൽ പറഞ്ഞു. *(ഫിലി 2:19-21)* ജാതികളെക്കുറിച്ചല്ല സഹപ്ര വർത്തകരെക്കുറിച്ചാണ് പൗലൊസ് ഇങ്ങനെ പറഞ്ഞതെന്ന് ശ്രദ്ധിക്കുക. വേണ്ടത്ര മൗലികമായ മനോഭാവം ഉള്ളവനല്ല എന്നു തോന്നിയതുകൊണ്ട് മർക്കോസിനെപ്പോലും തന്റെ കൂടെ കൂട്ടാത്ത ആളാണ് പൗലൊസ്. അങ്ങ നെയുള്ള പൗലൊസിന്റെ സംഘത്തിൽ അംഗമായിരിക്കുക എന്നതുതന്നെ ഒരു പദവിയാണ്.എന്നിട്ടും സഹ പ്രവർത്തകരെല്ലാം സ്വന്തം കാര്യം നോക്കു ന്നവരാണെന്നാണു പൗലൊസിനു തോന്നിയത്.

ഇന്നു പലരും സുവിശേഷം പ്രസംഗിക്കുകയും ആത്മാക്കളെക്കുറിച്ചു ഭാര മുള്ളവരാണെന്നു ഭാവിക്കുകയും ചെയ്യുന്നെങ്കിലും അവർ സ്വന്തം നേട്ടവും സുഖവുമാണ് യഥാർത്ഥത്തിൽ അന്വേഷിക്കുന്നത്.

അവർ സ്വന്തം കുഞ്ഞുങ്ങളെയും കുടുംബാംഗങ്ങളെയും മുൻപന്തിയി ലേക്കു കൊണ്ടുവരുന്നു - തങ്ങൾ വിരമിക്കുമ്പോൾ തങ്ങളുടെ വേല ഏറ്റെ ടുക്കുവാൻ വേണ്ടിയാണത്.

ശൗലും യോനാഥാനെ ഉയർത്തിക്കൊണ്ടു വരുവാൻ ആഗ്രഹിച്ചു. പക്ഷേ ദൈവം പറഞ്ഞത് ‘യോനാഥാനല്ല ദാവീദാണ് അടുത്ത രാജാവ്,’ എന്നാണ്. അതോടെ ശൗലിനു ദേഷ്യമായി. യോനാഥാനെ ഉയർത്തിക്കൊണ്ടുവരുവാ നായി ദാവീദിനെ നശിപ്പിക്കാനുള്ള ശ്രമങ്ങളാരംഭിച്ചു.

ഇന്നു ക്രിസ്തീയഗോളത്തിൽ അത്തരം കാര്യങ്ങൾ നടക്കുന്നില്ലെ ന്നാണോ നിങ്ങൾ ചിന്തിക്കുന്നത്? ഉവ്വ്. അങ്ങനെ നടക്കുന്നുണ്ട്.

നാം കർത്താവിനെ സേവിക്കുകയും സത്യം സംസാരിക്കുകയും ചെയ്താൽ നമുക്കു ജനപ്രീതി ലഭിക്കുകയില്ല. എന്നാൽ നാം ആളുകളെ പ്രസാദിപ്പിക്കാൻ ശ്രമിച്ചാൽ നമുക്കു ക്രിസ്തുവിന്റെ ദാസന്മാരായിരിപ്പാനും കഴിയുകയില്ല.

എല്ലാ സഹോദരീസഹോദരന്മാർക്കായും ഞാൻ ദൈവത്തെ സ്തുതിക്കുന്നു. പ്രത്യേകിച്ചും പ്രയാസമേറിയ സാഹചര്യത്തിൽ പ്രവർത്തിക്കുന്നവരെ ഓർക്കുന്നു. ത്യാഗം സഹിക്കുന്നവർ (അവ എന്തെല്ലാമെന്ന് യേശു മടങ്ങിവരുമ്പോഴേ നാം അറിയുകയുള്ളൂ), ക്രിസ്തീയവൃത്തങ്ങളിൽ അറിയപ്പെടാത്തവർ, പേരുകേട്ടിട്ടില്ലാത്തവർ, മാധ്യമ പ്രശസ്തി ലഭിക്കാത്തവർ. അതേസമയം ദൈവഭയമുള്ളവർ. താഴ്മയുള്ളവർ, യേശുക്രിസ്തുവിന്റെ സുവിശേഷം നമ്മുടെ രാജ്യത്ത് പ്രചരിപ്പിക്കുവാൻ ത്യാഗപൂർണമായി അധ്വാനിക്കുന്നവർ. അവരെ ഞാൻ വണങ്ങുന്നു. അത്തരം ആളുകൾക്കായി ഞാൻ പൂർണഹൃദയത്തോടെ ദൈവത്തെ സ്തുതിക്കുന്നു. അവരുമായി താരതമ്യം ചെയ്യുമ്പോൾ എനിക്കൊരു സ്ഥാനവുമില്ല. അവരിൽ പലരും നമ്മുടെ സഭകളിലും സംഘടനകളിലും പ്രവർത്തിക്കുന്നവരാണ്. നമുക്ക് അവരുടെ കാൽച്ചുവടുകളെ പിന്തുടരാം. ആമേൻ.

◆

# 3

# ഞാൻ പഠിച്ച ചില സുപ്രധാന സത്യങ്ങൾ

**വീ**ണ്ടും ജനിച്ച ഒരു ക്രിസ്ത്യാനിയായി ജീവിച്ച കഴിഞ്ഞ നാല്പതു വർഷങ്ങൾ കൊണ്ട് ഞാൻ ചില സത്യങ്ങൾ പഠിക്കയും അതെന്റെ ജീവിതത്തെ ഉത്സാഹിപ്പിക്കയും ജീവിതത്തിന് അർത്ഥവും ദിശാബോധവും നൽകുകയുമുണ്ടായിട്ടുണ്ട്. അതു നിങ്ങൾക്കും പ്രയോജനകരമാകാമെന്നതുകൊണ്ട് ഇവിടെ പങ്കുവയ്ക്കുന്നു. **ദൈവം യേശുവിനെ സ്നേഹിച്ചതു പോലെ നമ്മെയും സ്നേഹിക്കുന്നു.** *"നീ എന്നെ സ്നേഹിക്കുന്നതു പോലെ അവരെയും സ്നേഹിക്കുന്നു"(യോഹ.17:23)*

ഞാൻ ബൈബിളിൽ കണ്ടെത്തിയ ഏറ്റവും മഹത്തായ സത്യം ഇതുതന്നെയാണ്. മനസ്സിടിഞ്ഞ് നിരാശനും അരിഷ്ടനുമായ ഒരു വിശ്വാസി എന്ന നിലയിൽ നിന്നും ഇതെന്നെ ദൈവത്തിന്റെ കരങ്ങളിൽ സുരക്ഷിതനായ, എപ്പോഴും കർത്താവിൽ സന്തോഷമുള്ള, ഒരുവനാക്കിമാറ്റി.

ദൈവം നമ്മെ സ്നേഹിക്കുന്നു എന്നു പറയുന്ന നിരവധിവാക്യങ്ങൾ ബൈബിളിലുണ്ട്. എന്നാൽ അതിന്റെ വ്യാപ്തി വെളിപ്പെടുത്തുന്ന ഒരേ ഒരു വാക്യം ഇതുമാത്രമാണ്. 'യേശുവിനെ സ്നേഹിക്കുന്നത്രയും തന്നെ'.

തന്റെ ഏതുമക്കളെയും സ്വർഗ്ഗീയപിതാവ് മുഖപക്ഷം കൂടാതെ തന്നെ സ്നേഹിക്കുന്നതു കൊണ്ട് ആദ്യജാതനായ യേശുവിനുവേണ്ടി ചെയ്തതു പോലെ തന്റെ എല്ലാമക്കൾക്കും വേണ്ടി ചെയ്യുവാനും അവിടുത്തേക്കു മനസ്സാണ്. യേശുവിനെ സഹായിച്ചതുപോലെ അവിടുന്നു നമ്മെയും സഹായിക്കും. യേശുവിനെ കരുതിയതുപോലെ അവിടുന്നു നമ്മെയും കരുതും. യേശുവിന്റെ ജീവിതത്തിനു വ്യക്തമായ രൂപരേഖയുണ്ടാക്കിയതുപോലെ നമ്മുടെയും ജീവിതത്തിനു രൂപരേഖയുണ്ടാക്കിയിരിക്കുന്നു-നമ്മുടെ ദൈനംദിനജീവിതത്തിന്റെ ഏറ്റവും ചെറിയ വിശദാംശങ്ങളോടുംകൂടെത്തന്നെ. ദൈവത്തെ ഞെട്ടിക്കുന്ന ഒരു ആകസ്മികതയും നമ്മുടെ ജീവിതത്തിൽ സംഭവിക്കില്ല. അന്തിമമായി സംഭവിക്കേണ്ടുന്ന ഓരോന്നും വരെ അവിടുന്നു രൂപപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടു നാം അരക്ഷിതബോധമുള്ളവരായിരി

ക്കേണ്ടതില്ല. യേശുവിനെ ഭൂമിയിലേക്കയച്ചതുപോലെ വ്യക്തമായ പദ്ധതിയും രൂപരേഖയും തയ്യാറാക്കിത്തന്നെ നമ്മെയും അവിടുന്ന് അയച്ചിരിക്കുന്നു. നിങ്ങൾക്കു വിശ്വസിക്കാൻ കഴിയുമെങ്കിൽ ഇതൊക്കെയും നിങ്ങളെ സംബന്ധിച്ചും സത്യമാകും.

ദൈവത്തിന്റെ വചനത്തിൽ വിശ്വസിക്കാത്ത ആർക്കും തന്നെ ഒന്നും സാദ്ധ്യമായി വരുന്നില്ല.

## 2. സത്യസന്ധരിൽ ദൈവം പ്രസാദിക്കുന്നു.

*"അവിടുന്ന് വെളിച്ചത്തിൽ ഇരിക്കുമ്പോലെ നാമും വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്" (1 യോഹ.1:7)* വെളിച്ചത്തിൽ നടക്കുക എന്നുപറഞ്ഞാൽ നാം ഒന്നും മറച്ചു വയ്ക്കുന്നില്ല എന്നർത്ഥം. നാം ഉള്ളതുപോലെ എല്ലാക്കാര്യങ്ങളും കർത്താവിനോടു തുറന്നുപറയുന്നു. ദൈവത്തോടടുക്കുവാനുള്ള ഒന്നാമത്തെ പടി സത്യസന്ധതയാണ്. ആത്മാർത്ഥതയില്ലാത്തവരെ ദൈവം വെറുക്കുന്നു. മറ്റാരെക്കാളുമധികം കപടഭക്തന്മാർക്കെതിരെയാണു യേശു സംസാരിച്ചത്.

ദൈവം വിശുദ്ധിയെക്കാളും പൂർണ്ണതയെക്കാളും **സത്യസന്ധതയാണ്** ഒന്നാമതായി നമ്മിൽ നിന്നാഗ്രഹിക്കുന്നത്. സത്യസന്ധതയുടെ ഉറവിൽ നിന്നും മറ്റെല്ലാം തന്നെ ക്രമേണ ഒഴുകാൻ തുടങ്ങും. യഥാർത്ഥവിശുദ്ധിയുടെ ഉറവും അതുതന്നെ. നമുക്ക് ഏറ്റവും അനായാസമായി ചെയ്യാവുന്ന ഒരു കാര്യം സത്യസന്ധരാവുക എന്നതുതന്നെയാണ്. അതുകൊണ്ടു പാപം പെട്ടെന്നു തന്നെ ദൈവത്തോട് ഏറ്റുപറയുക. പാപകരമായ ചിന്തകളെ മറ്റ് ഓമനപ്പേരിട്ടു വിളിക്കാതിരിക്കുക. കൺമോഹത്തിൽ വീണതിനുശേഷം ഞാൻ ദൈവത്തിന്റെ സൃഷ്ടിയുടെ മനോഹാരിത ശ്രദ്ധിക്കയായിരുന്നു എന്നു പറയരുത്. 'കോപ'ത്തെ 'ധാർമ്മികരോഷം' എന്നു വിളിക്കരുത്. ഇപ്രകാരമുള്ള സത്യസന്ധതയില്ലായ്മ കൊണ്ട് നിങ്ങൾക്കു പാപത്തെ ഒരിക്കലും ജയിക്കാൻ കഴിയില്ല. 'പാപ'ത്തെ ഒരിക്കലും 'അബദ്ധ'മെന്നു വിളിക്കരുത്. യേശുവിന്റെ രക്തത്തിനു പാപത്തെ കഴുകാൻ കഴിയും. അത് 'അബദ്ധ'ങ്ങളെ കഴുകുന്നില്ല. സത്യസന്ധതയില്ലാത്തവരെ അവിടുന്നു കഴുകുന്നില്ല. സത്യസന്ധർക്ക് എന്നും പ്രത്യാശയ്ക്കു വഴിയുണ്ട്. *"തന്റെ തെറ്റുകളെ മറയ്ക്കുന്നവന്നു ശുഭം വരികയില്ല" (സദൃ.28:13).*

മതനേതാക്കന്മാരേക്കാൾ കള്ളന്മാർക്കും വ്യഭിചാരിണികൾക്കും അധികം പ്രത്യാശയ്ക്കുവകയുണ്ടെന്ന് യേശുപറയാൻ കാരണമെന്താകും? *(മത്തായി 21:31).* അതിന്റെ കാരണം വ്യഭിചാരിണികളും കള്ളന്മാരും തങ്ങൾ വിശുദ്ധരാണെന്ന് ഒരിക്കലും നടിക്കുന്നില്ല എന്നതു തന്നെ.

പല യുവാക്കളും മനസ്സുമടുത്ത് സഭ വിട്ടു പോകുവാനുള്ള കാരണം സഭാംഗങ്ങൾ തങ്ങൾക്കു എന്തെങ്കിലും വീഴ്ചകളോ ദൗർബല്യങ്ങളോ അതിനെ

അഭിമുഖീകരിക്കുന്നതിന്റെ പോരാട്ടങ്ങളോ ഒന്നും ഉള്ളതായി ഭാവിക്കുക പോലും ചെയ്യാറില്ല. അതുകൊണ്ടു ചെറുപ്പക്കാർ ഇങ്ങനെ വിചാരിക്കുന്നു "ഓ, ഈ വിശുദ്ധന്മാരുടെ കൂട്ടത്തിനു ഞങ്ങളുടെ പ്രശ്നങ്ങൾ എങ്ങനെ മനസ്സിലാകാനാണ്!'' ഇതു സത്യമാണെങ്കിൽ പാപികളെ തങ്കലേക്ക് ആകർഷിച്ച യേശുവിനെപ്പോലെയല്ല നാം.

## 3. സന്തോഷത്തോടെ കൊടുക്കുന്നവനിൽ ദൈവം പ്രസാദിക്കുന്നു.

*"സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു." (2 കൊരി. 9:7)*

ഒരു വ്യക്തി വീണ്ടും ജനിക്കുന്നതിനു മുമ്പും പിമ്പും പരിശുദ്ധാത്മാവിനാൽ നിറഞ്ഞശേഷവും ഒക്കെ ദൈവം മനുഷ്യന് പൂർണ്ണസ്വാതന്ത്ര്യം നൽകുന്നത് ഇക്കാരണത്താലാണ്.

നാമും ദൈവത്തെപ്പോലെയെങ്കിൽ മറ്റാരെയും നാം സമ്മർദ്ദങ്ങൾക്കടിമയാക്കുകയോ നിയന്ത്രിക്കയോ ചെയ്കയില്ല. അവരും തങ്ങളുടേതായ നിലയിലും സ്വാതന്ത്ര്യത്തിലും നമ്മിൽ നിന്നും വ്യത്യസ്തരായി തികച്ചും വ്യത്യസ്തമായ കാഴ്ചപ്പാടോടെ വളർന്നുവരാൻ നാം അനുവദിക്കും.

എല്ലാ സമ്മർദ്ദങ്ങളും പിശാചിൽ നിന്നാണ് വരുന്നത്.

പരിശുദ്ധാത്മാവ് വ്യക്തികളെ നിറയ്ക്കുന്നു. അശുദ്ധാത്മാക്കൾ ആളുകളെ തങ്ങളുടെ നിയന്ത്രണത്തിലാക്കുന്നു. പരിശുദ്ധാത്മാവ് ഒരു വ്യക്തിയിൽ നിറഞ്ഞാലും ആ വ്യക്തിക്കു എന്തുകാര്യവും ചെയ്യുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും. എന്നാൽ അശുദ്ധാത്മാക്കൾ ആളുകളെ പിടിച്ചാൽ അവർക്കു വ്യക്തിപരമായ ഒരു സ്വാതന്ത്ര്യവും ലഭിക്കുകയില്ല. പരിശുദ്ധാത്മാവിൽ നിറയുമ്പോഴുണ്ടാകുന്ന ഫലങ്ങളിലൊന്ന് **ഇന്ദ്രിയജയം** (ആത്മനിയന്ത്രണം) ആണ് *(ഗലാ.5:22,23).* എന്നാൽ അശുദ്ധാത്മാവ് ബാധിച്ച ഒരു വ്യക്തിക്ക് ആത്മനിയന്ത്രണത്തിനുള്ള കഴിവു നഷ്ടപ്പെടുന്നു.

നാം ദൈവത്തിനുവേണ്ടി ചെയ്യുന്ന ഏതൊരു ജോലിയും ഉന്മേഷത്തോടെയും സന്തോഷത്തോടെയും സ്വതന്ത്രമായും സ്വമേധയായും അല്ല ചെയ്യുന്നതെങ്കിൽ അതൊരു നിർജ്ജീവപ്രവൃത്തി മാത്രമായിരിക്കുമെന്ന് ഓർമ്മിച്ചിരിക്കുക. ദൈവത്തെ സംബന്ധിച്ചിടത്തോളം പരപ്രേരണയാൽ ഒരാൾ നൽകുന്ന പണമോ മറ്റെന്തെങ്കിലുമോ മൂല്യമുള്ളതായി ദൈവം കണക്കാക്കുന്നില്ല.

ആരുടെയെങ്കിലും സമ്മർദ്ദത്തിനു വഴിപ്പെട്ടോ മനസ്സാക്ഷിക്കുത്ത് ഒഴിവാക്കാനോ ചെയ്യുന്ന എന്തിനേക്കാളും മനസ്സോടെ, സന്തോഷത്തോടെ, തനിക്കു നൽകുന്ന ഒരു ചെറിയതിനെയാണ് ദൈവം വിലമതിക്കുന്നത്.

## 4. യേശുവിനെ ശ്രദ്ധിച്ചുനോക്കുന്നതിലൂടെയാണു വിശുദ്ധി ലഭിക്കുന്നത്.

*"യേശുവിനെത്തന്നെ നോക്കിക്കൊണ്ട്.....നമ്മുടെ ഓട്ടം സ്ഥിരതയോടെ ഓടാം." (എബ്രാ.12:1,2)*

നമ്മുടെ ജഡത്തിൽ വന്ന യേശു എന്ന വ്യക്തിയിലാണ് ദൈവഭക്തിയുടെ രഹസ്യം കണ്ടെത്തുന്നത്. അല്ലാതെ നമ്മുടെ ജഡത്തിൽ വന്ന ക്രിസ്തുവിനെക്കുറിച്ചുള്ള ഉപദേശത്തിലല്ല *(1 തിമൊ. 3:16 ൽ* ഇതു വ്യക്തമാണ്). തന്റെ ശരീരം സംബന്ധിച്ച ഉപദേശത്തിന്റെ വിശകലനത്തിലല്ല മറിച്ച് യേശു എന്ന വ്യക്തിയിലൂടെയാണ് നാം വിശുദ്ധരായിത്തീരുന്നത്.

എത്ര വലിയ പ്രയത്നം കൊണ്ടും പാപകരമായ ഒരു ഹൃദയത്തെ ശുദ്ധമാക്കാനാവില്ല. അതു സംഭവിക്കാൻ ദൈവം തന്നെ നമ്മുടെയുള്ളിൽ ഒരു പ്രവൃത്തി ചെയ്യണം.

വിശുദ്ധി (നിത്യജീവൻ) ദൈവത്തിന്റെ ദാനമാണ്. ഒരിക്കലും പ്രവൃത്തി കൊണ്ട് അതു കൈവരിക്കാനാവില്ല. *(റോമ. 6:23)* ദൈവത്തിനു മാത്രമേ നമ്മെ മുഴുവനും വിശുദ്ധീകരിക്കാൻ കഴിയൂ എന്ന് ബൈബിൾ പ്രസ്താവിക്കുന്നു. *(1 തെസ്സ. 5:23 ൽ* ആർക്കും അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം അതു രേഖപ്പെടുത്തിയിരിക്കുന്നു.) എന്നിട്ടും അനേകം വിശ്വാസികൾ സ്വയത്തെ ത്യജിച്ചുകൊണ്ട് വിശുദ്ധരായിത്തീരുവാൻ പാടുപെടുന്നു. തത്ഫലമായി അവർ പരീശമനോഭാവമുള്ളവരായിത്തീരുന്നു.

*"ഒരു മിഥ്യാബോധമല്ല, സത്യത്തിന്റെ ഫലമായ വിശുദ്ധി.."(എഫെ.4:24 ഫിലിപ്സ്)* യേശുവിലുള്ള വിശ്വാസത്താൽ, മറ്റൊരുതരത്തിൽ പറഞ്ഞാൽ യേശുവിനെ ശ്രദ്ധിച്ചു നോക്കുന്നതിലൂടെ മാത്രമേ വിശുദ്ധി ലഭ്യമാവൂ. നാം ഒരു ഉപദേശത്തെ ശ്രദ്ധിച്ചു കൊണ്ടിരുന്നാൽ നാം പരീശന്മാരാകും. നമ്മുടെ ഉപദേശം എത്ര ശുദ്ധമായിത്തീരുന്നോ അത്രമാത്രം പരീശത്വവും നമ്മിൽ വളരും.

സ്വപ്രയത്നത്തിലൂടെ വിശുദ്ധിയുടെ ഉന്നതനിലവാരത്തെക്കുറിച്ചു ഘോഷിക്കുന്നവരുടെയിടയിലാണ് ഞാൻ ഏറ്റവും വലിയ പരീശന്മാരെ കണ്ടിട്ടുള്ളത്. നാമും അവരിലൊരാളാകാതിരിക്കാൻ വളരെ ശ്രദ്ധിക്കേണ്ടതുണ്ട്.

യേശുവിനെ ശ്രദ്ധിക്കുക എന്നാൽ എന്താണെന്ന് *എബ്രാ.12:2 ൽ* പറയുന്നു. ഒന്നാമതായി ഈ ഭൂമിയിൽ ജീവിച്ച ഒരാളെന്ന നിലയിൽ നാം യേശുവിനെ കാണുക. എല്ലാ ദിവസവും നമ്മെപ്പോലെ എല്ലാ കാര്യങ്ങളിലും പരീക്ഷിതനായിട്ടും പാപത്തിനു വഴങ്ങാതെ നിത്യവും തന്റെ ക്രൂശിനെ സഹിച്ചുകൊണ്ട് അവിടുന്നു നടന്നു *(എബ്രാ.4:15).* അവിടുന്നു നമ്മുടെ മുന്നോടിയാണ് *(എബ്രാ.6:20)* അവിടുത്തെ കാൽച്ചുവടുകളിൽത്തന്നെ വേണം നാം അനുഗമിക്കുവാൻ. രണ്ടാമതായി നമ്മുടെ എല്ലാ പരീക്ഷകളിലും ശോധന

കളിലും നമ്മെ സഹായിക്കുവാൻ സന്നദ്ധനായി പിതാവിന്റെ വലത്തുഭാഗത്ത് നമുക്കുവേണ്ടി മദ്ധ്യസ്ഥത ചെയ്യുന്ന ഒരുവനായി നാം യേശുവിനെ കാണേണ്ടതുണ്ട്.

## 5. നാം നിരന്തരമായി പരിശുദ്ധാത്മാവിനാൽ നിറയണം.

*ആത്മാവിൽ നിറഞ്ഞവരായിരിക്കുക. (എഫെ.5:18)*

നാം നിരന്തരം ആത്മാവിൽ നിറയുന്നില്ലെങ്കിൽ ദൈവം ആഗ്രഹിക്കുന്ന തരത്തിൽ ക്രിസ്തീയജീവിതം നയിക്കുക നമുക്കസാദ്ധ്യമാണ്. പരിശുദ്ധാത്മാവിനാൽ അഭിഷേകം പ്രാപിക്കയും അവിടുത്തെ പ്രകൃത്യാതീതവരങ്ങൾ നമുക്കു ലഭിക്കയും ചെയ്യുന്നില്ലെങ്കിൽ ദൈവത്തെ സേവിക്കുവാനും നമുക്ക് സാദ്ധ്യമല്ല. യേശുവിനും ഈ അഭിഷേകം ആവശ്യമായിരുന്നു.

നമ്മുടെ സ്വകാര്യജീവിതത്തിലും പരസ്യശുശ്രൂഷയിലും നമ്മെ യേശുവിനെപ്പോലെയാക്കുവാനാണു പരിശുദ്ധാത്മാവു വന്നത് *(2 കൊരി.3:18).* സ്വഭാവത്തിൽ ക്രിസ്തുവിനോടനുരൂപരാക്കുവാനും യേശുശുശ്രൂഷിച്ചതുപോലെ ശുശ്രൂഷിക്കുവാനും തക്കവണ്ണമാണു ദൈവം നമ്മെ തന്റെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കുന്നത്. യേശുവിന്റെ അതേ ശുശ്രൂഷയല്ല നമുക്കുള്ളത്, അതുകൊണ്ട് യേശു ചെയ്ത ശുശ്രൂഷ നമുക്കു ചെയ്യാനാവില്ല. എന്നാൽ യേശു ദൈവത്തെ ശുശ്രൂഷിച്ച അതേ നിറവിൽ നമുക്കും ശുശ്രൂഷ ചെയ്യാൻ സാധിക്കും-നമുക്കു തന്നിരിക്കുന്ന ശുശ്രൂഷ.

അതിനു വേണ്ടത് അതിനാവശ്യമായ ജീവജല നദി നമ്മിൽ നിന്നും ഒഴുകാൻ വേണ്ട **ദാഹവും വിശ്വാസവുമാണ്** *(യോഹ.7:37-39).* പരിശുദ്ധാത്മാവിന്റെ വരങ്ങൾ നമുക്കുണ്ടാകണമെങ്കിൽ അതിനായുള്ള അതിവാഞ്ഛ നമ്മിലുണ്ടാകണം. *(1 കൊരി. 14:1)* അല്ലെങ്കിൽ ഒരിക്കലും നമ്മിലതുണ്ടാവില്ല.

ആത്മവരങ്ങളില്ലാത്ത ഒരു സഭ ജീവിച്ചിരിക്കുന്ന ഊമനും ബധിരനും അന്ധനും മുടന്തനുമായ ഒരു വ്യക്തിയെപ്പോലെ കർമ്മരഹിതനാണ്. പ്രയോജനമറ്റവനാണ്.

## 6. ക്രൂശിന്റെ വഴി തന്നെ ജീവന്റെ വഴി

*"നാം അവനോടു കൂടെ മരിച്ചു എങ്കിൽ കൂടെ ജീവിക്കും" (2 തിമൊ.2:11)* ദൈവത്തിന്റെ പദ്ധതിയിൽ നാം മരിക്കേണ്ട എല്ലായിടങ്ങളിലും നമ്മുടെ സ്വയജീവൻ മരിക്കുക എന്നതല്ലാതെ യേശുവിന്റെ ജീവൻ നമ്മുടെ ശരീരത്തിൽ വെളിപ്പെടുവാൻ മറ്റൊരു വഴിയുമില്ല. *(2 കൊരി. 4:10,11)* പാപത്തിന്മേൽ ജയം ഉണ്ടാകുവാൻ എല്ലാ സാഹചര്യങ്ങളിലും നമ്മെ പാപത്തിനു മരിച്ചവരായി എണ്ണേണ്ടതുണ്ട് *(റോമ.6:11)* ആത്മാവിനാൽ നാം ജഡത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നെങ്കിൽ മാത്രമേ നാം ജീവിക്കൂ *(റോമ. 8:13).* പരിശുദ്ധാത്മാവു നമ്മെ നിത്യവും ക്രൂശിങ്കലേക്കു തന്നെ നയിക്കും.

ദിവസം മുഴുവനും മരണത്തിലൂടെ കടന്നുപോകേണ്ട സാഹചര്യത്തിലേക്കു തന്നെ ദൈവം നമ്മെ അയയ്ക്കുന്നു. *(റോമ.8:36)* യേശുവിനു വേണ്ടി നാം മരണത്തിന് ഏല്പിക്കപ്പെടുകയും ചെയ്യുന്നു. *(2 കൊരി. 4:11)* അത്തരം സാഹചര്യങ്ങളിൽ നാം യേശുവിന്റെ മരണം തന്നെ *(2 കൊരി.4:10)* സ്വീകരിക്കേണ്ടിയിരിക്കുന്നു. അതിലൂടെ യേശുവിന്റെ ജീവൻ നമ്മിൽ വെളിപ്പെടുവാൻ ഇടയാകുന്നു.

## 7. മനുഷ്യന്റെ അഭിപ്രായങ്ങൾക്ക് ചവറ്റുകൊട്ടയിലേക്കെറിയാനുള്ള മൂല്യം മാത്രം

*“മൂക്കിൽ ശ്വാസമുള്ള മനുഷ്യനെ വിട്ടൊഴിയുവിൻ. അവനെ എന്തു വില മതിപ്പാനുള്ളൂ?” യെശ.2:22*

ഒരു മനുഷ്യന്റെ മൂക്കിലെ ശ്വാസം നഷ്ടപ്പെട്ടു കഴിഞ്ഞാൽ അവന് താൻ തന്നെ ചവിട്ടി നടക്കുന്ന പൊടിയുടെ വിലമാത്രമേയുള്ളൂ.

പിന്നെയെന്തിനു നാം മനുഷ്യന്റെ അഭിപ്രായത്തെ വിലമതിക്കണം? ദൈവത്തെ യഥാർത്ഥമായി സേവിക്കുവാൻ നമുക്കു കഴിയണമെങ്കിൽ മനുഷ്യന്റെ അഭിപ്രായം തികച്ചും മൂല്യമില്ലാത്തതാണെന്നു നാം തിരിച്ചറിഞ്ഞേ മതിയാവൂ. ഒരു മനുഷ്യനെയെങ്കിലും പ്രസാദിപ്പിക്കുവാൻ ശ്രമിച്ചാൽ നമുക്കു ക്രിസ്തുവിന്റെ ദാസനായി തുടരുവാൻ കഴിയില്ല. *(ഗലാ.1:10)*

ദൈവത്തിന്റെ അഭിപ്രായങ്ങൾക്കു മുമ്പിൽ മാനുഷികാഭിപ്രായങ്ങളൊക്കെത്തന്നെ തികച്ചും മൂല്യരഹിതമാണ്. ഇക്കാര്യം വ്യക്തമായി ബോദ്ധ്യമായിക്കഴിഞ്ഞ ഏതൊരാളും തന്റെ ജീവിതത്തിലും ശുശ്രൂഷയിലും ദൈവത്തിന്റെ അംഗീകാരം മാത്രമേ തേടുകയുള്ളൂ. അയാൾ ഒരിക്കലും ആളുകളെ പ്രസാദിപ്പിക്കുവാൻ വേണ്ടി സ്വയം നീതീകരിക്കാനൊരുമ്പെടില്ല.

## 8. ഈ ലോകം മഹത്തരമെന്നു കരുതുന്നതിനെ ദൈവം വെറുക്കുന്നു

*മനുഷ്യരുടെ ഇടയിൽ ഉന്നതമായതു ദൈവത്തിന്റെ മുമ്പിൽ അറപ്പത്രേ (ലൂക്കോ. 16:15)*

ഈ ലോകം ഉന്നതമെന്നു കരുതുന്ന കാര്യങ്ങൾ ദൈവത്തിന്റെ ദൃഷ്ടിയിൽ വിലയില്ലാത്തതെന്നു മാത്രമല്ല തികച്ചും നികൃഷ്ടവുമാണ്. അതുകൊണ്ടു ദൈവദൃഷ്ടിയിൽ അറപ്പായിരിക്കുന്ന ഈ ലോകത്തിന്റെ ബഹുമാനം നാമും വെറുക്കേണ്ടതത്രേ. ലോകത്തിലെ മനുഷ്യരെല്ലാം തന്നെ വിലയേറിയതായി കാണുന്ന ഒരു വസ്തുവാണ് ധനം. എന്നാൽ ധനത്തെ സ്നേഹിക്കയും ധനികരാകാൻ ബദ്ധപ്പെടുകയും ചെയ്യുന്ന ആളുകൾ താഴെപ്പറയുന്ന കാര്യങ്ങളെ ഉടനെയോ പിന്നീടോ നേരിടേണ്ടിവരുമെന്നു ദൈവം പറയുന്നു. *(1 തിമൊ. 6:9,10)*

1. അവർ പരീക്ഷയിൽ അകപ്പെടും.
2. അവർ കെണിയിൽ അകപ്പെടും.
3. അവർ മൗഢ്യമായ മോഹങ്ങളിലേക്ക് വീഴും.
4. അവർ ദോഷകരമായ മോഹങ്ങളിൽ പിടിക്കപ്പെടും.
5. അവർ ജീർണ്ണതയ്ക്കു വിധേയരാകും.
6. അവർ നാശത്തിലേക്കു നിപതിക്കും.
7. അവർ വിശ്വാസം വിട്ട് ഉഴന്നു നടക്കേണ്ടി വരും.
8. കഠിനമായ ദു;ഖത്തിനും കുത്തുന്ന വേദനയ്ക്കും അവർ ഇരയായിത്തീരും.

ഇത് അനേകം വിശ്വാസികൾക്കു സംഭവിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. നമ്മുടെ രാജ്യത്ത് ഈ കാലഘട്ടത്തിൽ ദൈവത്തിന്റെ പ്രവചനശബ്ദം കേൾക്കാത്തതിന്റെ മുഖ്യകാരണങ്ങളിലൊന്ന് സഭകളുടെ നേതൃസ്ഥാനങ്ങൾ കൈയാളുന്നവരുടെ ധനസ്നേഹമാണ്. ഈ ഭൂമിയിലെ ധനംപോലെയുള്ള അല്പകാര്യങ്ങളിൽ വിശ്വസ്തരല്ലാത്തവർക്ക് അധികമായിരിക്കുന്ന സ്വർഗ്ഗീയ സമ്പത്തു താൻ നൽകുകയില്ല എന്നു കർത്താവു തന്നെ കല്പിച്ചിട്ടുണ്ട് *(ലൂക്കോ. 16:11).* അധികം പ്രസംഗങ്ങളും വിരസമായിത്തീരുവാനുള്ള പ്രധാന കാരണം ഇതുതന്നെയാണ്. യോഗങ്ങളും സാക്ഷ്യങ്ങളും കഴമ്പില്ലാത്തതായിത്തീരുവാനുള്ള കാരണവും ഇതുതന്നെ.

## 9. നമുക്കല്ലാതെ മറ്റാർക്കും നമ്മെ ദോഷപ്പെടുത്തുവാൻ സാധ്യമല്ല.

*“നിങ്ങൾ നന്മ ചെയ്യുന്നതിൽ ശുഷ്ക്കാന്തിയുള്ളവരെങ്കിൽ നിങ്ങളെ ദോഷപ്പെടുത്തുവാൻ ആർക്കു കഴിയും?” (1 പത്രോ. 3:13)*

ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യങ്ങൾക്കായി വിളിക്കപ്പെട്ടിരിക്കുന്നവർക്ക്, തങ്ങളുടെ ജീവിതത്തെ സംബന്ധിച്ച് ദൈവോദ്ദേശ്യമല്ലാതെ മറ്റൊന്നും ഇല്ലാത്തവർക്കുതന്നെ എന്തു കാര്യവും നന്മക്കായി പ്രവർത്തിപ്പിക്കുവാൻ ദൈവത്തിനു കഴിയും. *(റോമ. 8:28).* സ്വാർത്ഥലക്ഷ്യങ്ങൾ ജീവിതത്തിൽ കൊണ്ടുനടക്കുന്ന ഒരു വ്യക്തിക്കും ഈ വാഗ്ദാനം അവകാശപ്പെടാൻ കഴിയില്ല. എന്നാൽ ദൈവഹിതത്തിനു പൂർണ്ണമായി സമർപ്പിക്കപ്പെട്ടിരിക്കുന്ന ഒരാൾക്ക് ഈ ഭൂമിയിൽ ജീവിക്കുന്ന ഓരോ നിമിഷത്തിലും ഈ വാഗ്ദാനം അവകാശപ്പെടാൻ കഴിയും. ഒന്നും അവർക്കു ദോഷകരമായിത്തീരുകയില്ല.

മറ്റുള്ളവർ നമുക്കു ചെയ്യുന്ന ഏതുകാര്യവും നല്ലതും ദോഷവും മനഃപൂർവ്വമായതും അല്ലാത്തതും എല്ലാം റോമർ 8:28 ലെ വാഗ്ദാനത്തിന്റെ അരിപ്പയിലൂടെ മാത്രമേ നമ്മിലേക്ക് വരികയുള്ളൂ. അവ നമ്മെ അധികമധികം

ക്രിസ്തുസാദൃശത്തിലേക്ക് മാറ്റിക്കൊണ്ടിരിക്കും. *(റോമ.8:29).* നമുക്കുവേണ്ടി ദൈവം കരുതിയിരിക്കുന്ന ഏറ്റവും വലിയ നന്മ അതുതന്നെ. ആ വാക്യത്തിലെ വ്യവസ്ഥയുടെ പരിധിക്കുള്ളിലുള്ള ആർക്കും ജീവിതത്തിലെ ഓരോ കാര്യങ്ങളിലും ഈ അരിപ്പയുടെ ഗുണം അനുഭവിക്കാവുന്നതാണ്.

അതിനുശേഷം *1 പത്രോ.3:13 ൽ* നമ്മോടു പറയുന്നു *"നന്മ ചെയ്യുന്നതിൽ നാം ശുഷ്ക്കാന്തിയുള്ളവരെങ്കിൽ"* നമുക്കു തിന്മ ചെയ്വാൻ ആർക്കും കഴികയില്ല എന്ന്. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ, ഈ വാക്യത്തിന് റോമ 8:28 പോലെയുള്ള പ്രചാരം ലഭിച്ചിട്ടില്ല. പക്ഷേ നാം അതു പ്രചരിപ്പിച്ചേ മതിയാകൂ. നമുക്കതിന് ഉത്സാഹിക്കാം. ഈ വാഗ്ദാനവും തങ്ങളുടെ ഹൃദയത്തെ മറ്റുള്ളവർക്കു നന്മ ചെയ്യുവാനുള്ള തീഷ്ണതയിൽ സൂക്ഷിക്കുന്നവർക്കുള്ളതാണ്. അത്തരം ഒരു വിശ്വാസിക്ക് ദോഷം ചെയ്യുവാൻ ഒരു മനുഷ്യനെന്നല്ല ഒരു ഭൂതത്തിനുപോലും കഴിയുകയില്ല. അതുകൊണ്ട് ഏതെങ്കിലും ഒരു വിശ്വാസി മറ്റുള്ളവർ തനിക്കു ദോഷം ചെയ്യുന്നു എന്നു പരാതിപ്പെടുമ്പോൾ താൻ ദൈവത്തെ സ്നേഹിക്കുന്നില്ലെന്നും ദൈവോദ്ദേശ്യത്തിനു വിളിക്കപ്പെട്ടവനല്ലെന്നും നന്മയ്ക്കുള്ള ഉത്സാഹം തന്റെ ഹൃദയത്തിലില്ലെന്നും താൻ തന്നെ അവകാശപ്പെടുകയാണ്. അല്ലെങ്കിൽ മറ്റുള്ളവർ ചെയ്തതെല്ലാം തനിക്കു നന്മയ്ക്കായി വ്യാപരിക്കുകയും തന്റെ പരാതികൾ നീങ്ങിപ്പോകുകയും ചെയ്യുമായിരുന്നു.

യഥാർത്ഥത്തിൽ നിങ്ങൾക്കു ദോഷം ചെയ്യുവാൻ നിങ്ങൾക്ക് മാത്രമേ–നിങ്ങളുടെ അവിശ്വാസവും മറ്റുള്ളവരോടു തെറ്റായ മനോഭാവവുമുള്ള ഹൃദയത്തിനു മാത്രമേ–കഴികയുള്ളൂ.

എനിക്ക് എഴുപതിനോടടുത്ത് വയസ്സുണ്ട്. ഇത്രകാലവും എനിക്കു തിന്മ ചെയ്യുന്നതിൽ വിജയിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. ധാരാളം പേർ അതിനു ശ്രമിച്ചിട്ടുണ്ടെങ്കിലും അതൊക്കെ ദൈവം എനിക്കും എന്റെ ശുശ്രൂഷയ്ക്കും ഏറ്റവും നന്മയാക്കിത്തീർത്തു. അതുകൊണ്ട് അവരെക്കുറിച്ചും എനിക്കു ദൈവത്തോട് ഇന്ന് നന്ദിയുണ്ട്. എന്നെ ഉപദ്രവിച്ചവരൊക്കെ 'വിശ്വാസികൾ' എന്നുവിളിക്കപ്പെടുന്നവർ തന്നെ. പക്ഷേ ദൈവത്തിന്റെ വഴികളെ അറിയാത്തവരാണ്. എന്റെ ഈ സാക്ഷ്യം നിങ്ങളുടേതുമായിത്തീരുവാൻ തക്കവണ്ണം നിങ്ങൾക്ക് ഒരു ഉത്സാഹത്തിനായി ഇവിടെ പ്രസ്താവിച്ചതാണ്.

## 10. ദൈവത്തിനു നമ്മിൽ ഓരോരുത്തരെക്കുറിച്ചും സമ്പൂർണ്ണമായ ഒരു പദ്ധതിയുണ്ട്.

*"ദൈവം മുന്നൊരുക്കിയ സൽപ്രവൃത്തികളെ ചെയ്യേണ്ടതിന്നു നമ്മെ ക്രിസ്തുയേശുവിൽ സൃഷ്ടിച്ചിരിക്കുന്നു" (എഫെ.2:10).*

ദൈവം നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടുക്കുന്നതിനു വളരെമുമ്പു തന്നെ നാം ഈ ഭൂമിയിലെ ജീവിതകാലത്ത് എന്തു ചെയ്യേണമെന്നതിനു രൂപം കൊടു

ത്തിരുന്നു. ഇന്ന് ആ പദ്ധതി ഓരോ ദിവസവും അന്വേഷിച്ചു കണ്ടെത്തി അതു നിറവേറ്റുക എന്നതാണ് നമുക്കു ചെയ്‌വാനുള്ളത്. നമുക്കൊരിക്കലും ദൈവത്തിന്റെ പദ്ധതിയെക്കാൾ മെച്ചപ്പെട്ട ഒന്ന് ഉണ്ടാക്കാൻ കഴിയില്ല.

നമുക്ക് മറ്റാരെയും അനുകരിക്കാനും കഴിയില്ല. കാരണം, വ്യത്യസ്തങ്ങളായ പദ്ധതികളാണ് ദൈവം രൂപപ്പെടുത്തിയിരിക്കുന്നത്. ജോസഫിനെക്കുറിച്ചുള്ള ദൈവികപദ്ധതി തന്റെ ജീവിതത്തിന്റെ ഒടുവിലെ എൺപതുവർഷക്കാലവും ഈജിപ്തിലെ കൊട്ടാരത്തിലെ സുഖസൗകര്യങ്ങൾ അനുഭവിച്ചു കഴിയുവാനായിരുന്നു. അതേ സമയം മോശെയുടെ ജീവിതത്തിൽ കൊട്ടാര സുഖങ്ങൾ വെടിഞ്ഞ് 80 വർഷക്കാലം മരുഭൂമിയുടെ കാഠിന്യങ്ങളോടു മല്ലിടാനായിരുന്നു. മോശെ ജോസഫിന്റെ മാതൃക സ്വീകരിച്ച് കൊട്ടാരത്തിലെ സമൃദ്ധിയുടെ തണലിൽ കഴിഞ്ഞിരുന്നു എങ്കിൽ തന്റെ ജീവിതത്തിലെ ദൈവ പദ്ധതി നിറവേറ്റുകയില്ലായിരുന്നു.

അപ്രകാരം തന്നെ ഇന്നും ദൈവം ഒരു സഹോദരനെ അമേരിക്കയിലെ മെച്ചപ്പെട്ട സൗകര്യങ്ങളിൽ ആക്കുകയും മറ്റൊരു സഹോദരനെ വടക്കേ ഇൻഡ്യയുടെ പൊടിയും ചൂടും നിറഞ്ഞ പരുക്കൻ സാഹചര്യങ്ങളിൽ ആക്കുകയും ചെയ്യുന്നു. ഓരോരുത്തരും പരസ്പരം താരതമ്യം ചെയ്യുകയും അസൂയപ്പെടുകയും വിമർശിക്കയും ചെയ്യുന്നതിനു പകരം ദൈവത്തിനു തങ്ങളെക്കുറിച്ചുള്ള പദ്ധതിയെക്കുറിച്ചു ബോദ്ധ്യമുള്ളവരാകുന്നതാണ് ഏറ്റവും നല്ലത്.

ദൈവം എന്നെ ഇൻഡ്യയിൽ പ്രവർത്തിക്കാനായി വിളിച്ചിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. മറ്റുള്ളവരും അങ്ങനെതന്നെ ആയിക്കൊള്ളണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല.

എന്നാൽ നാം ധനത്തെയോ, സുഖസൗകര്യങ്ങളെയോ മനുഷ്യരുടെ അംഗീകാരത്തെയോ നമ്മുടെ മാന്യതയെയോ കരുതുന്നുവെങ്കിൽ ഒരിക്കലും നമുക്കു ദൈവഹിതം കണ്ടെത്താൻ കഴിയില്ല.

## 11. ദൈവത്തോട് കൂടുതൽ ഗാഢമായ ബന്ധം പുലർത്തുന്നതാണ് കൂടുതൽ ശക്തി പ്രാപിക്കുവാനുള്ള മാർഗ്ഗം.

*"തങ്ങളുടെ ദൈവത്തെ അറിയുന്ന ജനം ഉറച്ചുനിന്നു വീര്യം പ്രവർത്തിക്കും" (ദാനി. 11:32)*

ഇന്നും ദൈവം ആഗ്രഹിക്കുന്നതു മറ്റുള്ളവരിലൂടെ നാം ദൈവത്തെ അറിയണമെന്നല്ല. ഏതു ബാലനും തന്നെ നേരിട്ട് വ്യക്തിപരമായി അറിയണമെന്നാണ് *(എബ്രാ. 8:11).* നിത്യജീവന് യേശു നൽകിയ നിർവ്വചനം ദൈവത്തെയും യേശുക്രിസ്തുവിനെയും വ്യക്തിപരമായി അറിയുക എന്നതാണ്. *(യോഹ.17:3).* ഇതുതന്നെ ആയിരുന്നു പൗലൊസിന്റെ ജീവിതത്തിലെ ഏറ്റവും വലിയ വാഞ്ഛ *(ഫിലി. 3:10).* നമ്മുടെ വാഞ്ഛയും അതുതന്നെ ആകട്ടെ.

ദൈവത്തെ അടുത്തറിയാൻ ആഗ്രഹിക്കുന്നവർ എപ്പോഴും അവിടുത്തെ ശ്രദ്ധിക്കേണ്ടതുണ്ട്. ഒരു മനുഷ്യനെ ജീവനിൽ നിലനിർത്താൻ ദൈവത്തിന്റെ വായിൽ നിന്നു പുറപ്പെടുന്ന എല്ലാ വചനവും ശ്രദ്ധിക്കേണ്ടതാവശ്യമാണെന്ന് യേശു പറഞ്ഞു *(മത്താ. 4:4).* അവിടുത്തെ പാദത്തിങ്കലിരുന്നു അവിടുത്തെ ശ്രദ്ധിക്കുന്നതുതന്നെയാണ് ക്രിസ്തീയജീവിതത്തിലെ പരമപ്രധാനമായ കാര്യം എന്നും യേശു പറയുകയുണ്ടായി *(ലൂക്കോ.10:42).*

രാവിലെ തോറും തന്റെ പിതാവിന്റെ ശബ്ദത്തിന് ചെവികൊടുക്കുന്ന യേശുവിന്റെ ശീലം നാമും പരിശീലിക്കുന്നതു നല്ലതാണ് *(യെശ. 50:4)* പകൽ സമയങ്ങളിലും രാത്രിയിലും ഉറക്കത്തിന്റെ ഇടവേളകളിലും ഉണർന്ന് *"കർത്താവേ, സംസാരിക്കേണമേ, അടിയൻ കേൾക്കുന്നു"* എന്നു പറയുവാൻ ശീലിക്കുന്നതു നന്ന് *(1 ശമു.3:10).*

നാം അഭിമുഖീകരിക്കുന്ന ഏതു പ്രശ്നത്തിനും ദൈവത്തിന് ഒരു പരി ഹാരമുണ്ട്. നാം ശ്രദ്ധിക്കുന്നു എങ്കിൽ ആ പരിഹാരം നമ്മെ അറിയിക്കാൻ ദൈവത്തിനു കഴിയും. അതു നമ്മെ ജയാളികളാക്കും.

## 12. പുതിയഉടമ്പടി പഴയ ഉടമ്പടിയെക്കാൾ വളരെ ഉന്നതമാണ്.

*"യേശു അധികം നല്ല ഉടമ്പടിയുടെ മദ്ധ്യസ്ഥനാണ്." (എബ്രാ.8:6)* പഴ യതുംപുതിയതുമായ ഉടമ്പടികൾ തമ്മിൽ മൗലികമായ വ്യത്യാസം ഉണ്ടെ ന്നകാര്യം മിക്കവിശ്വാസികൾക്കും അറിഞ്ഞുകൂടാ *(എബ്രാ.8:8-12).* പഴയനി യമത്തിനുപരിയായി പുതിയനിയമത്തിനുള്ള ഔന്നത്യം യേശുവിനു മോശ യെക്കാൾ ഔന്നത്യം ഉള്ളതുപോലെയാണ്. *(2കൊരി.3, എബ്രാ.3).*

പഴയനിയമവും അതിൽ ഉൾക്കൊണ്ടിരിക്കുന്ന ശിക്ഷയും പ്രതിഫലവും എല്ലാംതന്നെ ആളുകളുടെ ബാഹ്യജീവിതത്തെ ശുദ്ധീകരിക്കുന്ന ഒരു വ്യവ സ്ഥയാണ്. എന്നാൽ പുതിയനിയമം നമ്മെ അകമേ നിന്നും ശുദ്ധീകരിക്കുന്നു. അനുഗ്രഹശാപങ്ങളിലൂടെയല്ല, പരിശുദ്ധാത്മാവിന്റെ നവീകരണത്തിലൂടെ. സ്നേഹവും വിശുദ്ധിയും നിറഞ്ഞ യേശുവിന്റെ സ്വഭാവം നമ്മിലേക്കു പകർന്നുകൊണ്ട്.

ഒരു പൂച്ച സ്വഭാവികമായ വിധത്തിൽതന്നെത്തന്നെ എപ്പോഴും വൃത്തി യായി സൂക്ഷിക്കുന്നതും ഒരു പന്നിയെ കെട്ടിയിട്ടു കുളിപ്പിച്ചു വൃത്തിയായി സൂക്ഷിക്കുന്നതും തമ്മിൽ വലിയ അന്തരമുണ്ട്. പഴയനിയമവും പുതിയനി യമവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ ഈ ദൃഷ്ടാന്തം ഉപകരിക്കും.

## 13. മനുഷ്യരാൽ ത്യജിക്കപ്പെടുവാനും ഉപദ്രവിക്കപ്പെടുവാനും നാം വിളിക്കപ്പെട്ടിരിക്കുന്നു.

*"ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കെല്ലാം ഉപ ദ്രവം ഉണ്ടാകും." (2 തിമൊ.3:12)*

ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട് എന്ന് യേശു ശിഷ്യന്മാർക്കു മുന്ന റിയിപ്പു നൽകിയിരുന്നു. *(യോഹ.16:33)* എങ്കിലും യേശു പിതാവിനോട് *"അവരെ ലോകത്തിൽ നിന്നു നീക്കേണമെന്നു"* പ്രാർത്ഥിച്ചില്ല *(യോഹ.17:15).* നിരവധി കഷ്ടങ്ങളിലൂടെ കടന്നുമാത്രമേ ദൈവരാജ്യത്തിൽ പ്രവേശനം സാദ്ധ്യമാകൂ എന്ന് അപ്പോസ്തലന്മാർ വിശ്വാസികളെ പഠിപ്പിച്ചു. *(അപ്പൊ. പ്ര.14:23)*

വീട്ടുടയവനെ ആളുകൾ ബെയേൽസെബൂൽ എന്നു വിളിച്ചു എങ്കിൽ വീട്ടുകാരെ എത്രയധികം വിളിക്കുമെന്ന് യേശു പറഞ്ഞു. *(മത്താ.10:25).* അപ്രകാരം നാം ആകുമ്പോഴാണ് നാം വിശ്വസ്തരായ ഭവനക്കാരാകുന്നത്. മറ്റു ചില വിശ്വാസികൾ എന്നെ വിളിച്ചിട്ടുള്ള പേരുകൾ ഞാനോർക്കുന്നു. "പിശാച്" "പിശാചിന്റെ മകൻ" "ദുരാത്മാവ്" "എതിർക്രിസ്തു" "വഞ്ചകൻ" "ഭീകരൻ" "കൊലപാതകൻ" "ദിയോത്രെഫേസ്". അങ്ങനെ യേശുവിന്റെ കുടുംബക്കാരൻ എന്ന മാനം എനിക്കു ലഭിച്ചു. അതൊരു പദവിയായി ഞാൻ കാണുന്നു. വിശ്വസ്തതയോടെ കർത്താവിനെ സേവിക്കുന്നവർ ഇതൊക്കെ അനുഭവിക്കേണ്ടിവരും.

ഒരു സത്യപ്രവാചകൻ സ്വന്തം ബന്ധുക്കളുടെ ഇടയിൽ ഒരിക്കലും മാനിതനാവില്ല എന്ന് യേശു പറഞ്ഞു. സ്വന്തം കുടുംബത്തിൽ യേശുവിന് യാതൊരു അംഗീകാരവും ഉണ്ടായിരുന്നില്ല-അത് ഇന്നും അങ്ങനെതന്നെയാണ്. ഒരു യഥാർത്ഥ അപ്പൊസ്തലൻ മറ്റുള്ളവരുടെ ദൂഷണത്താൽ *ലോകത്തിന്റെ ചവറുപോലെയും സകലത്തിന്റെയും അഴുക്കായും തീരുന്നു (1 കൊരി.4:13).* ദൈവത്തിന്റെ വലിയ ഭൃത്യന്മാരൊക്കെ ഇപ്രകാരം നിന്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തവരാണ്.

സഭ മഹാപിഡനത്തിലൂടെ കടക്കുകയില്ല എന്ന ഉപദേശമാണ് ഏറ്റവും കൂടുതൽ പ്രചാരം നേടിയിട്ടുള്ളത്. കാരണം ആളുകൾക്ക് തങ്ങളുടെ ജഡത്തിൽ ഏറ്റവും സുഖകരമായ ഉപദേശവും അതുതന്നെ. തന്റെ വൃതന്മാരെ ചേർക്കുവാനായി താൻ വരുന്നത് മഹാപിഡനത്തിനുശേഷമാണെന്ന് *മത്താ.24:29-31* വാക്യങ്ങളിൽ യേശു വ്യക്തമാക്കിയിട്ടുണ്ട് . മഹാപീഡനത്തിനു മുമ്പ് സഭ എടുക്കപ്പെടുമെന്ന് വ്യക്തമാക്കുന്ന ഒരൊറ്റ വാക്യംപോലും പുതിയനിയമത്തിലെങ്ങും തന്നെയില്ല. 1800 കളിലാണ് ഇംഗ്ലണ്ടിൽ ഈ ഉപദേശം കണ്ടുപിടിക്കപ്പെട്ടത്.

ഇപ്പോൾ നമ്മുടെ രാജ്യത്ത് പീഡനത്തെ അഭിമുഖീകരിക്കുവാനായി നാം സഭയെ ഒരുക്കേണ്ടിയിരിക്കുന്നു.

## 14. ദൈവം സ്വീകരിച്ചവരെയൊക്കെ നാമും സ്വീകരിക്കണം.

ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളെയെല്ലാം താനിച്ഛിക്കുമ്പോലെ തമ്മിൽ ഒരു ഭിന്നതയും ഉണ്ടാകാതവണ്ണം ദൈവം ക്രമപ്പെടുത്തിയിരിക്കുന്നു.

*(1 കൊരി. 12:18,25).* ദൈവം വിവിധ കാലഘട്ടങ്ങളിൽ വിവിധ രാജ്യങ്ങളിൽ തന്റെ ശുദ്ധമായ സാക്ഷ്യം ഉയർത്തുവാനും പുനഃസ്ഥാപിക്കുവാനുമായി വ്യക്തികളെ എഴുന്നേല്പിക്കാറുണ്ട്. അവരുടെ കാലശേഷം തങ്ങളുടെ അനുയായികൾ ഛിന്നഭിന്നമായി. വിവിധ ഗ്രൂപ്പുകളായി, ആരെയും ഉൾക്കൊള്ളാത്തവരായി, കൾട്ടുകളായിത്തീരാറുണ്ട്.

ക്രിസ്തുവിന്റെ ശരീരം ഒരു സംഘടനയെക്കാൾ വലുതാണ്. അക്കാര്യം നാം മറന്നുകൂടാ. ക്രിസ്തുവിന്റെ മണവാട്ടി ഇന്നും പല ഗ്രൂപ്പുകളിലായി ചിതറിക്കിടക്കുന്നു.

വചനത്തിന്റെ വ്യാഖ്യാനത്തിലുള്ള അന്തരംകൊണ്ടും ഗ്രഹിക്കുന്നതിലുള്ള അന്തരം കൊണ്ടും പലരുമായി നമുക്കു ചേർന്നു പ്രവർത്തിക്കാൻ കഴിയില്ലെങ്കിലും കർത്താവു കൈക്കൊണ്ടിട്ടുള്ളവരുമായി ഒരു കൂട്ടായ്മ പുലർത്താൻ നാം ശ്രമിക്കേണ്ടതുണ്ട്.

## 15. എല്ലാ വ്യക്തികളോടും നാം മാന്യതയോടെ പെരുമാറണം.

*"ദൈവം തന്റെ സ്വരൂപത്തിലുണ്ടാക്കിയിരിക്കുന്ന മനുഷ്യരെ നാവുകൊണ്ടു നാം ശപിക്കുന്നു. എന്റെ സഹോദരന്മാരെ, നാം അങ്ങനെ ചെയ്യുന്നതു യോഗ്യമല്ല." (യാക്കോ.3:9,10).*

ഒരു മനുഷ്യനെയും അപമാനിക്കുന്ന ഒരു വാക്കും ദൈവത്തിൽ നിന്നുള്ളതല്ല. അതിന്റെ ഉറവിടം സാത്താനാണ്. മനുഷ്യനെ അപമാനിക്കാനും തള്ളിയിടാനും നിരന്തരം ശ്രമിക്കുന്നത് അവൻ തന്നെ. ഭാര്യമാരോടും കുഞ്ഞുങ്ങളോടും യുവാക്കളോടും യാചകരോടും ശത്രുക്കളോടും ഒക്കെത്തന്നെ സൗമ്യമായും ആദരവോടും സംസാരിക്കുവാൻ ദൈവം നമ്മോടു കല്പിച്ചിരിക്കുന്നു. *(1 പത്രോ. 3:15).* എല്ലാ ആളുകളെയും മാന്യരായിക്കരുതുക. സാധുവായ ഒരു സഹോദരന് സഹായം നൽകുമ്പോൾ അവന്റെ മാന്യത നഷ്ടപ്പെടാതെ അതു നൽകണം. നാം അവന് ഒരു ഗുണകാരിയല്ല മറിച്ച് ഒരു സഹോദരൻ തന്നെയായിരിക്കണം.

## 16. സാമ്പത്തികാവശ്യങ്ങൾ ദൈവത്തോടു മാത്രം പറയുക.

*"ദൈവം നിങ്ങളുടെ ആവശ്യങ്ങൾ ക്രിസ്തുയേശുവിൽ തന്റെ ധനത്തിനൊത്തവണ്ണം തീർത്തുതരും" (ഫിലി. 4:19).*

പൂർണ്ണസമയക്രിസ്തീയവേലക്കാർ തങ്ങളുടെ ആവശ്യങ്ങൾ ദൈവത്തെ മാത്രം അറിയിക്കയും അതിന്നായി ദൈവത്തെ മാത്രം ആശ്രയിക്കയും ചെയ്യുക. ദൈവം അവരുടെ ആവശ്യങ്ങൾക്കായി മറ്റുള്ളവരെ പ്രേരിപ്പിക്കും. ഇന്നു പലരും ചെയ്യുന്നതുപോലെ വിശ്വാസത്താൽ ജീവിക്കുന്നു എന്നു പറകയും തങ്ങളുടെ ആവശ്യങ്ങൾ ആളുകളോടു അറിയിക്കയും ചെയ്യുവാൻ പാടില്ല.

*"സുവിശേഷം അറിയിക്കുന്നവർ അതിനാൽ ഉപജീവിക്കണമെന്നു ദൈവം കല്പിച്ചിരിക്കുന്നു" (1 കൊരി. 9:14).* അതുകൊണ്ട് പൂർണ്ണസമയശുശ്രൂഷ കർ ആളുകൾ മനസ്സോടെ നൽകുന്ന ദാനങ്ങൾ സ്വീകരിക്കുന്നതിൽ തെറ്റില്ല. പക്ഷേ ശമ്പളം വാങ്ങുന്നതു തെറ്റാണ്. ദാനങ്ങൾ അവകാശപ്പെടാൻ കഴി യില്ല. പക്ഷെ ശമ്പളം അവകാശപ്പെടാവുന്നതാണ്. ഇന്നു കാണുന്ന അധികം ക്രിസ്തീയസഭകളുടേയും സ്ഥാപനങ്ങളുടേയും നിർജ്ജീവാവസ്ഥയുടെ രഹസ്യം ഇവിടെയാണ്. നമ്മെക്കാൾ ദരിദ്രരായ ആളുകളിൽ നിന്നും നാം വ്യക്തിപരമായ ആവശ്യത്തിനോ കുടുംബത്തിന്റെ ആവശ്യത്തിനോ പണം വാങ്ങാൻ പാടില്ല. അങ്ങനെ ആരെങ്കിലും നൽകുന്ന പണം അവരെക്കാൾ നിർധനരായവരെ സഹായിക്കാനോ സ്തോത്രകാഴ്ചപ്പെട്ടിയിൽ നിക്ഷേപി ക്കാനോ വിനിയോഗിക്കുക.

പൂർണ്ണസമയശുശ്രൂഷകർക്ക് ധനവിനിയോഗം സംബന്ധിച്ച പത്തു പ്രമാ ണങ്ങൾ ഇവിടെ നൽകട്ടെ:

1. ദൈവത്തോടല്ലാതെ ആരോടും സാമ്പത്തികാവശ്യം പറയരുത് *(ഫിലി. 4:19)*
2. അവിശ്വാസികളിൽ നിന്നും ധനം സ്വീകരിക്കരുത് *(3 യോഹ.7)*
3. ആരുടെ കൈയിൽ നിന്നും ഒരു സമ്മാനവും സ്വീകരിക്കരുത് *(സങ്കീ.62:5)*
4. പണം നൽകി നിങ്ങളെയോ നിങ്ങളുടെ ശുശ്രൂഷയെയോ നിയന്ത്രി ക്കാൻ ആരെയും അനുവദിക്കരുത്.
5. നിങ്ങളുടെ ശുശ്രൂഷ സ്വീകരിക്കാത്തവരിൽ നിന്നും ധനം സ്വീകരിക്ക രുത്.
6. നിങ്ങളെക്കാൾ നിർദ്ധനരായ ആരിൽ നിന്നും വ്യക്തിപരമായ ആവശ്യ ത്തിനോ കുടുംബത്തിന്റെ ആവശ്യത്തിനോ പണം സ്വീകരിക്കരുത്.
7. സാമ്പത്തികാവശ്യങ്ങൾക്കായി ഒരു മനുഷ്യനെയും ആശ്രയിക്കരുത്.
8. തെറ്റായ രീതിയിൽ കൈകാര്യം ചെയ്യപ്പെടുന്നു എന്നു മറ്റുള്ളവർക്കു തോന്നുംവിധം ദൈവത്തിന്റെ പണം കൈകാര്യം ചെയ്യരുത്. *(2 കൊരി.8:20,21)*
9. ധനലബ്ധിയിൽ ആഹ്ലാദിക്കരുത്.
10. ധനനഷ്ടത്തിൽ നിരാശപ്പെടുകയുമരുത്.

## ഉപസംഹാരം

ഈ സത്യങ്ങൾ നിങ്ങളെ ഉത്സാഹിപ്പിക്കുക മാത്രമല്ല സ്വതന്ത്രരാക്കുകയും ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. കർത്താവിനോടു ചേർന്നു നടക്കുന്നതും അവിടുത്തെ ശുശ്രൂഷ ചെയ്യുന്നതും ഗൗരവമായെടുത്തിരിക്കുന്ന ഒരു വ്യക്തി യാണു നിങ്ങളെങ്കിൽ ഈ സത്യങ്ങളും ദൈനംദിനജീവിതത്തിൽ ഗൗരവ മായി ഏറ്റെടുക്കുക. ◆

# 4

# ദൈവത്തിനു ആവശ്യമുള്ള മനുഷ്യർ

**ദൈ**വത്തിന് ഇന്ന് താഴെപ്പറയുന്ന യോഗ്യതകളുള്ള ആളുകളെ ആവശ്യമുണ്ട്.

- ദിനംപ്രതി തന്റെ മുമ്പാകെ നിന്ന് തന്റെ ശബ്ദം കേൾക്കുന്നവർ.
- ദൈവത്തെയല്ലാതെ മറ്റാരെയും മറ്റൊന്നിനെയും ആഗ്രഹിക്കാത്തവർ.
- ദൈവത്തോടുള്ള ഉറ്റ സ്നേഹം നിമിത്തം തങ്ങളുടെ എല്ലാ വഴികളിലും സകലവിധ പാപത്തെയും വെറുക്കുന്നവർ: നീതിയെയും സത്യത്തെയും സ്നേഹിക്കുന്നവർ.

കോപത്തെയും പാപകരമായ ലൈംഗികചിന്തകളെയും ജയിച്ചവരും തങ്ങളുടെ ചിന്തയിലോ മനോഭാവത്തിലോ പാപം ചെയ്യാനിടയാകുന്നതിനെക്കാൾ മരണമാണ് കൂടുതൽ അഭികാമ്യമെന്ന് കരുതുന്നവരുമായ ആളുകൾ

ദിനംതോറും തങ്ങളുടെ ക്രൂശെടുത്തുകൊണ്ട് പൂർണ്ണതയിലേക്കു മുന്നേറുന്നവർ; ഭയത്തോടും വിറയലോടും കൂടി സ്വന്തരക്ഷയ്ക്കായി പ്രവർത്തിക്കുന്നവർ.

പരിശുദ്ധാത്മാവിനാൽ നിറഞ്ഞവർ; എത്ര വലിയ പ്രകോപനമുണ്ടായാലും മറ്റൊരു വ്യക്തിയുടെ നേരേ സ്നേഹശൂന്യമായ ഒരു മനോഭാവം കൈക്കൊള്ളാത്തവിധം ദൈവസ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവർ

മനുഷ്യരുടെ പ്രശംസയോ ആത്മീയപുരോഗതിയോ ദൈവത്താൽ അംഗീകരിക്കപ്പെട്ട ശുശ്രൂഷയോ മറ്റെന്തു തന്നെയോ ലഭിച്ചാലും തങ്ങൾ എല്ലാവിശുദ്ധന്മാരിലും ഏറ്റവും ചെറിയവരാണെന്നുള്ള ബോധം കൈവിടാതെ താഴ്മയിൽത്തന്നെ അടിയുറച്ചു നില്ക്കുന്നവർ.

ദൈവവചനത്തിലൂടെ ദൈവസ്വഭാവത്തെക്കുറിച്ചും ഈ ലോകത്തിൽ ദൈവത്തിനു സാധിക്കുവാനുള്ള ലക്ഷ്യങ്ങളെക്കുറിച്ചും മനസ്സിലാക്കിയിട്ടുള്ളവർ; ഏറ്റവും ചെറിയ കല്പനകളിൽപ്പോലും അനുസരണക്കേടു കാണി

ക്കുകയോ അവ മറ്റുള്ളവരെ പഠിപ്പിക്കുന്നതിൽ ഉപേക്ഷ വിചാരിക്കുകയോ ചെയ്യാതെ ദൈവവചനത്തിന്റെ മുമ്പിൽ വിറയ്ക്കുന്നവർ.

ദൈവത്തിന്റെ മുഴുവൻ ആലോചനയും മറ്റുള്ളവരെ അറിയിക്കയും മതപരമായ വേശ്യാവൃത്തിയെയും ദൈവവചനവിരുദ്ധമായ മാനുഷികപാരമ്പര്യങ്ങളെയും വെളിച്ചത്തുകൊണ്ടുവരികയും ചെയ്യുന്നവർ.

ദൈവഭക്തിയുടെ മർമ്മത്തെപ്പറ്റി-ക്രിസ്തുജഡത്തിൽ വെളിപ്പെടുകയും തന്റെ ജഡത്തിലൂടെ ജീവനുള്ള പുതുവഴി തുറക്കുകയും ചെയ്തതിനെപ്പറ്റി -പരിശുദ്ധാത്മാവിലൂടെ വെളിപ്പാടു പ്രാപിച്ചവർ.

തീക്ഷ്ണതയോടും സ്ഥിരചിത്തതയോടും കൂടി അധ്വാനിക്കുന്നവർ; അതേ സമയം തന്നെ നർമ്മബോധവും ശാന്തതയും പൂണ്ട് കൊച്ചുകുട്ടികളോടൊത്ത് കളിക്കുവാനും പ്രകൃതിദത്തമായ ദൈവികദാനങ്ങൾ ആസ്വദിക്കുവാനും കഴിവുള്ളവർ.

തന്നെത്താൻ പീഡിപ്പിക്കുന്ന ശരീരാഭ്യാസങ്ങളിലേർപ്പെടാതെ തന്നെ ആത്മശിക്ഷണത്തോടും ക്ലേശസഹിഷ്ണുതയോടും കൂടെ ജീവിക്കുന്നവർ

വിശേഷവസ്ത്രങ്ങളിലോ ഉല്ലാസയാത്രകളിലോ താൽപര്യമില്ലാത്തവർ: പാഴ്വേലകൾക്കായി തങ്ങളുടെ സമയമോ പ്രയോജനമില്ലാത്ത വസ്തുക്കൾക്കായി പണമോ ദുർവ്യയം ചെയ്യാത്തവർ.

വിശിഷ്ടഭോജ്യങ്ങളോടുള്ള കൊതി ഉപേക്ഷിച്ചവർ, സംഗീതം, വിനോദം എന്നിവപോലെ നിയമാനുസൃതങ്ങളായ കാര്യങ്ങൾക്കു തന്നെയും അടിമകളാകാത്തവർ.

മനുഷ്യരുടെ പരിഹാസം, ഉപദ്രവം, വ്യാജമായ കുറ്റാരോപണം, രോഗം, ദാരിദ്ര്യം, സ്വജനങ്ങളുടെ വൈരം, മതനേതാക്കളിൽനിന്നുള്ള പീഡനം എന്നീ കഷ്ടതകളുടെ തീച്ചൂളയിൽക്കൂടിക്കടന്നും ദൈവത്താൽ ആ വിധം ശോധന ചെയ്യപ്പെട്ടും കൊള്ളാവുന്നവരായിത്തെളിഞ്ഞവർ.

തങ്ങൾ തന്നെ പാപികളിൽ പ്രധാനികളെന്നറികയാൽ നികൃഷ്ടപാപികളോടും ഒന്നിനും കൊള്ളരുതാത്ത വിശ്വാസികളോടും സഹതാപം കാണിപ്പാൻ കഴിയുന്ന കരുണാപൂർണ്ണന്മാർ.

ഒന്നിനെക്കുറിച്ചും ഉൽക്കണ്ഠപ്പെടാതെയും സാത്താനെയോ ദുഷ്ടജനങ്ങളെയോ പ്രതികൂലസാഹചര്യങ്ങളെയോ മറ്റെന്തിനെയെങ്കിലുമോ ഭയപ്പെടാതെയും തങ്ങളുടെ സ്വർഗ്ഗസ്ഥപിതാവിന്റെ സ്നേഹം മൂലമുള്ള പൂർണ്ണസുരക്ഷിതബോധത്തിൽ ഉറച്ചുനിൽക്കുന്നവർ.

എല്ലാ കാര്യങ്ങളിലും തങ്ങളുടെ പരമമായ നന്മയ്ക്കായി ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്ന വിശ്വാസം മൂലം ദൈവത്തിലുള്ള സ്വസ്ഥ

തയിൽ പ്രവേശിച്ചവർ: തന്മൂലം എല്ലാ മനുഷ്യർക്കും എല്ലാ വസ്തുക്കൾക്കും സാഹചര്യങ്ങൾക്കുമായി എല്ലായ്പ്പോഴും ദൈവത്തെ സ്തുതിക്കുന്നവർ.

ദൈവത്തിൽ മാത്രം സന്തുഷ്ടി കണ്ടെത്തുകയാൽ എല്ലാ അസന്തുഷ്ടിയെയും ജയിച്ച് സന്തോഷപരിപൂർണ്ണരായി ജീവിക്കുന്നവർ.

തങ്ങളിലോ തങ്ങളുടെ പ്രകൃതിസിദ്ധമായ കഴിവുകളിലോ ആശ്രയിക്കാതെ എല്ലാ സാഹചര്യങ്ങളിലും എല്ലാറ്റിനും മതിയായ ദൈവത്തിൽ പൂർണ്ണാശ്രയം വച്ചുകൊണ്ട് സജീവമായ വിശ്വാസം മുറുകെപ്പിടിക്കുന്നവർ.

സ്വന്തവിവേകത്തെയും യുക്തിബോധത്തെയും പിന്തുടരാതെ പരിശുദ്ധാത്മാവു കാണിച്ചുതരുന്ന വഴിയിലൂടെ മാത്രം സഞ്ചരിക്കുന്നവർ.

കർത്താവായ യേശുക്രിസ്തുവിനാൽ തന്നെ പരിശുദ്ധാത്മാവിലും തീയിലും സ്നാനമേറ്റവർ; പകരം വ്യാജമായ വികാരാവേശത്താലോ ദൈവശാസ്ത്രപരമായ വാദഗതികളാലോ കബളിപ്പിക്കപ്പെടാത്തവർ.

നിരന്തരമായ പരിശുദ്ധാത്മാഭിഷേകത്തിൽ ജീവിക്കുന്നവർ; ആ പരിശുദ്ധാത്മാവു നൽകുന്ന പ്രകൃതീതമായ കൃപാവരങ്ങളിൽ സമ്പന്നർ.

ക്രിസ്തുവിന്റെ ശരീരമായ സഭയെപ്പറ്റി ദൈവികവെളിപ്പാടു ലഭിക്കുകമൂലം ഏതെങ്കിലും മതസമൂഹത്തിന്റെയോ സഭാവിഭാഗമെന്നറിയപ്പെടുന്ന സംഘടനയുടേയോ ഭാഗമാകാതെ ആ യഥാർത്ഥസഭയെ പണിതുയർത്തുവാൻ വേണ്ടി തങ്ങളുടെ എല്ലാ കഴിവുകളും ഭൗതികസമ്പത്തുകളും ആത്മീയവരങ്ങളും വിനിയോഗിക്കുന്നവർ.

പരിശുദ്ധാത്മസഹായത്താൽ സ്വന്തനാവിനു കടിഞ്ഞാണിടുവാൻ ശീലിച്ചവർ; ഇപ്പോൾ അതേ നാവുതന്നെ ദൈവവചനം കൊണ്ട് ജ്വലിക്കുമാറ് രൂപാന്തരം പ്രാപിച്ചവർ.

തങ്ങൾക്കുള്ളതെല്ലാം വിട്ടുകളഞ്ഞവർ; പണത്തിന്റെയോ ഭൗതികവസ്തുക്കളുടെയോ ബന്ധത്തിൽനിന്നു സ്വതന്ത്രരായും ദാനങ്ങളാഗ്രഹിക്കാതെയും ജീവിക്കുന്നവർ.

തങ്ങളുടെ ഭൗതികമായ എല്ലാ ആവശ്യങ്ങൾക്കും വേണ്ടി ദൈവത്തിൽ മാത്രം ആശ്രയം വയ്ക്കുന്നവർ; ഒരിക്കലും തങ്ങളുട ഭൗതികാവശ്യങ്ങളെപ്പറ്റി മറ്റുള്ളവർക്കു സൂചന നൽകാത്തവർ; തങ്ങളുടെ സേവനത്തെപ്പറ്റി സംഭാഷണത്തിലോ കത്തുകളിലോ റിപ്പോർട്ടുകളിലോ സ്വയം പ്രശംസിക്കാത്തവർ.

ദുശ്ശാഠ്യക്കാരാകാതെ സൗമ്യപ്രകൃതികളായും തങ്ങളെക്കാൾ പ്രായവും അറിവുമുള്ള സഹോദരന്മാരുടെ നിയന്ത്രണത്തിനും തെറ്റുതിരുത്തലിനും വിധേയരായും ജീവിക്കുന്നവർ.

മറ്റുള്ളവരുടെമേൽ അധികാരം ചെലുത്തുവാനോ അവരെ ഉപദേശിക്കുവാനോ താൽപര്യമില്ലാതെയും (ഉപദേശം തേടുന്നവരെ ഉപദേശിപ്പാൻ സന്നദ്ധതയോടും) മൂപ്പന്മാരായോ നായകന്മാരായോ ഗണിക്കപ്പെടുവാൻ ആഗ്രഹിക്കാതെയും സാധാരണസഹോദരന്മാരായും എല്ലാവർക്കും ദാസന്മാരുമാരായും ജീവിക്കുവാൻ ഇച്ഛിക്കുന്നവർ.

മറ്റുള്ളവരോടു വിഷമം കൂടാതെ ഒത്തിണങ്ങിപ്പോകുന്നവർ; അസൗകര്യങ്ങളും നഷ്ടങ്ങളും സഹിച്ചുകൊണ്ടും മറ്റുള്ളവർക്കു നന്മ ചെയ്യുന്നവർ.

ലക്ഷപ്രഭുവെന്നോ യാചകനെന്നോ വെള്ളക്കാരനെന്നോ കറുത്തവനെന്നോ ബുദ്ധിജീവിയെന്നോ ബുദ്ധിഹീനനെന്നോ സംസ്ക്കാരസമ്പന്നനെന്നോ അപരിഷ്കൃതനെന്നോ ഭേദം കൂടാതെ എല്ലാ മനുഷ്യരോടും ഒരുപോലെ പെരുമാറുന്നവർ.

ഭാര്യ, മക്കൾ, ബന്ധുക്കൾ തുടങ്ങിയവരുടെയോ വിശ്വാസികളുടെയോ സ്വാധീനംമൂലം ക്രിസ്തുവിനോടുള്ള തങ്ങളുടെ ഭക്തിയിലും ദൈവകല്പനകളുടെ അനുസരണത്തിലും ഒരുപടി താണും തണുത്തും പോകാതെ ആദ്യസ്നേഹം നിലനിറുത്തുന്നവർ.

സാത്താൻ വാഗ്ദാനം ചെയ്യുന്ന ധനം, മാനം, മറ്റേതെങ്കിലും പ്രതിഫലം എന്നിവയാൽ സ്വാധീനിക്കപ്പെടാതെ, ഒരിക്കലും ഒത്തുതീർപ്പിനു സന്നദ്ധരാകാതെ, ഉറച്ചുനില്ക്കുന്നവർ.

മതാധ്യക്ഷന്മാരെയോ രാഷ്ട്രഭരണാധികാരികളെയോ ഭയപ്പെടാതെ നിർഭയം ക്രിസ്തുവിന്റെ സാക്ഷികളായി നിലകൊള്ളുന്നവർ.

ഭൂമിയിൽ ഏതെങ്കിലും മനുഷ്യവ്യക്തിയെ പ്രസാദിപ്പിക്കുവാനാഗ്രഹിക്കാതെ ദൈവത്തെ മാത്രം പ്രസാദിപ്പിക്കുന്നതിൽ ഏതൊരാളുടെ പിണക്കവും നേരിടുവാൻ ഒരുക്കമുള്ളവർ.

തങ്ങളുടെ മാനുഷികമായ ആവശ്യങ്ങളോ സ്വന്തം സുഖസൗകര്യങ്ങളോ ഗണിക്കാതെ ദൈവമഹത്വത്തിനും ദൈവഹിതത്തിനും ദൈവരാജ്യത്തിനും എപ്പോഴും മുൻഗണന നൽകുന്നവർ.

മറ്റുള്ളവരുടെയോ സ്വന്തം ബുദ്ധിയുടെയോ സമ്മർദ്ദങ്ങൾക്കു വഴങ്ങി നിർജ്ജീവപ്രവൃത്തികൾ അനുഷ്ഠിക്കാതെ തങ്ങളുടെ ജീവിതത്തെപ്പറ്റി ദൈവം വെളിപ്പെടുത്തിയിട്ടുള്ള തിരുഹിതം മാത്രം ചെയ്യുവാൻ വാഞ്ഛയോടെ ആഗ്രഹിക്കുന്നവർ.

ക്രിസ്തീയവേലയിൽ ദേഹീപരവും (Soulish) ആത്മീയവുമായവയെ (Spiritual) തമ്മിൽ വേർതിരിച്ചറിയുവാൻ പരിശുദ്ധാത്മാവിനാലുള്ള വിവേചനം പ്രാപിച്ചവർ.

കാര്യങ്ങളെ ഭൗതികമായ കാഴ്ചപ്പാടിലൂടെയല്ല, സ്വർഗ്ഗീയമായ ദർശന ത്തോടെ തന്നെ നോക്കിക്കാണുവാൻ കഴിവുള്ളവർ.

ദൈവത്തിനുവേണ്ടി തങ്ങൾ നടത്തുന്ന അധ്വാനത്തിനു പ്രതിഫലമായി ലഭിക്കാവുന്ന ലൗകികബഹുമതികളെയും സ്ഥാനങ്ങളെയും പരിത്യജിക്കു ന്നവർ.

ഇടവിടാതെ പ്രാർത്ഥിക്കുകയും ആവശ്യം വരുമ്പോൾ ഉപവാസ ത്തോടെയുള്ള പ്രാർത്ഥനയിൽ ജാഗരിക്കുകയും ചെയ്യുന്നവർ.

ഔദാര്യമായും രഹസ്യത്തിലും വിവേകത്തോടും സന്തോഷത്തോടുംകൂടി കൊടുക്കുവാൻ ശീലിച്ചിട്ടുള്ളവർ.

- ഏതുവിധത്തിലെങ്കിലും ചിലരെ നേടുവാനായി എല്ലാവർക്കും എല്ലാ മായിത്തീരുവാൻ സന്നദ്ധതയുള്ളവർ.
- മറ്റുള്ളവർ രക്ഷിക്കപ്പെടുവാൻ മാത്രമല്ല, ക്രിസ്തുവിന്റെ ശിഷ്യന്മാരാ കുവാനും സത്യത്തിന്റെ പരിജ്ഞാനത്തിലെത്തുവാനും ദൈവകല്പ നകൾ എല്ലാം അനുസരിക്കുന്നവരായിത്തീരുവാനും ആഗ്രഹിക്കുന്നവർ.
- എല്ലാ സ്ഥലത്തും ദൈവത്തിന് വിശുദ്ധമായ ഒരു സാക്ഷ്യം ഉയർന്നു കാണുവാൻ തീവ്രമായ വാഞ്ഛയുള്ളവർ.
- ഒരു കാര്യത്തിലും സ്വാർത്ഥം അന്വേഷിക്കാത്തവർ
- ആത്മീയാധികാരവും ആത്മീയമായ അന്തസ്സും പാലിക്കുന്നവർ.
- വേണ്ടിവന്നാൽ ദൈവത്തിനു വേണ്ടി ഈ ലോകത്തിൽ ഒറ്റയ്ക്കുനി ല്ക്കുവാൻ മനസ്സുള്ളവർ.
- ഒത്തുതീർപ്പിനു വഴങ്ങാതെ കഴിഞ്ഞകാലത്തെ അപ്പോസ്തലന്മാ രെയും പ്രവാചകന്മാരെയുംപോലെ ഉറച്ചുനില്ക്കുന്നവർ.
- ഈ വിധത്തിലുള്ള ആളുകൾ സംഖ്യയിൽ വളരെ കുറവാകയാൽ ഇന്നും ദൈവത്തിന്റെ വേല നഷ്ടം സഹിക്കേണ്ടി വന്നിരിക്കുന്നു.

പാപവും വ്യഭിചാരവുമുള്ള ഒരു തലമുറയിൽ, ഒത്തുതീർപ്പിൽ ജീവിക്കുന്ന ക്രൈസ്തവലോകത്തിന്റെ മധ്യത്തിൽ, ദൈവത്തിനുവേണ്ടി ഇപ്രകാരമുള്ള ഒരുവനായി ജീവിക്കുമെന്ന് പൂർണ്ണഹൃദയത്തോടെ തീരുമാനിക്കുക. ദൈവ ത്തിനു മുഖപക്ഷമില്ലാത്തതിനാൽ അതിനുവേണ്ടി തീക്ഷ്ണതയോടെ നിങ്ങൾ ആഗ്രഹിക്കുമെങ്കിൽ നിങ്ങൾക്കും അപ്രകാരം ഒരുവനാകുവാൻ സാധിക്കും. ഒരാളിന്റെ ബോധമണ്ഡലത്തിൽ (conscious area) മാത്രം സമർപ്പ ണവും അനുസരണവും ആവശ്യപ്പെടുന്നവനാണ് ദൈവം. അതിനാൽ ഒരു പക്ഷേ നിങ്ങളുടെ ബോധമണ്ഡലം പരിമിതമാണെങ്കിൽത്തന്നെയും ഈ

വിധത്തിലുള്ള ഒരുവനാകുവാൻ നിങ്ങൾക്കു സാധ്യമാണ്. നിങ്ങൾ വെളിച്ചത്തിൽ നടക്കുകയും പരിപൂർണ്ണതയിലേക്കു വളരുകയും ചെയ്യുന്തോറും ഈ ബോധമണ്ഡലം കൂടുതൽ വിശാലമായിക്കൊണ്ടിരിക്കും. അതിനാൽ ഇപ്രകാരമുള്ള ഒരാളാകുവാൻ 'എനിക്കു സാധിക്കയില്ലല്ലോ' എന്നു ചിന്തിച്ച് നിങ്ങൾ ക്ലേശിക്കേണ്ട കാര്യമില്ല.

നമ്മുടെ ജഡത്തിൽ നന്മയൊന്നും വസിക്കാത്തതിനാൽ മേൽ വിവരിച്ച നന്മകൾ നമ്മിൽ വളർന്നു വരുവാനായി ദൈവകൃപ നാം അന്വേഷിക്കേണ്ടത് ആവശ്യമാണ്. കാലം അതിന്റെ അവസാനഘട്ടത്തിലെത്തിയിരിക്കുന്ന ഈ നാളുകളിൽ ഈ വിധത്തിൽ ജീവിക്കുന്ന ഒരുവനായിത്തീരുന്നതിനുള്ള ദൈവകൃപയ്ക്കായി ദിനംപ്രതി ദൈവസന്നിധിയിൽ നിലവിളിക്കുക.

കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ. ◆